# ഓണപ്പുടവ

Approved as non-detailed Text for form IV by the
Travancore-Cochin Union Government
for the Year of 1950.

വള്ളത്തോൾ

5.3.51 10a.-12noon English

6/3/51

7/3/51 10 —— 1 — His and garapy

8/3/51 10 —— 1 — MathMats

9/3/51 10 —— 1 — Sci ——

H-indi

~~Malayalam~~

10/3/51 10 —— 1 —

(12/3/51) Malayalam

3594

# ഓണപ്പുടവ

ഗ്രന്ഥകർത്താ:

വള്ളത്തോൾ

പ്രസാധകന്മാർ:

വള്ളത്തോൾ ഗ്രന്ഥാലയം,

ചെറുതുരുത്തി.

P. K. MEMORIAL PRESS
&
BOOK DEPOT
VAZHUTHACAUD, TRIVANDRUM.

1950 ജൂൺ.

രണ്ടാംപതിപ്പു്. വില പന്തിരണ്ടണ

# വിഷയാനുക്രമം.


൧. പുരാണങ്ങൾ

൨. അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ

൩. ജാതകം തിരുത്തി

൪. എന്റെ ഗുരുനാഥൻ

൫. "അല്ലാഹ്"

൬. മലയാളത്തിന്റെ തല

൭. ഭക്തിയും വിഭക്തിയും

൮. നരേന്ദ്രന്റെ പ്രാർത്ഥന

൯. കർഷകജീവിതം

൧൦. ആ മോതിരം

൧൧. ഇന്ദ്രനും മാബലിയും

൧൨. എന്റെ ഭാഷ

൧൩. തിരുമനസ്സിലെ മതം

൧൪. ഓണപ്പുടവ

3594
E536

# ഓണപ്പുടവ

## ൧. പുരാണങ്ങൾ

(കിളിപ്പാട്ട്)

ഭാരതവർഷത്തിലെപ്പൂർവ്വരാമൃഷീന്ദ്രന്മാർ
പാരിനുള്ളടിക്കല്ലു പാർത്തുകണ്ടറിഞ്ഞവർ,
യോഗൈകനിരതന്മാർ, ഭോഗനിസ്പൃഹർ, പരി-
ത്യാഗൈകദ്രവിണന്മാര;-വർതൻവാസങ്ങളോ,
പൊട്ടപ്പുല്ലുകൾകൊണ്ടും ശുഷ്കപത്രൌഘംകൊണ്ടും
കെട്ടിമേഞ്ഞവയായ പാഴ്കുടിലുകളത്രേ.
എങ്കിലുമവയിൽനിന്നിങ്ങു കിട്ടിയ മണി-
ത്തങ്കങ്ങൾ മഹാശ്ലോകങ്ങൾ, മറെറങ്ങുമലഭ്യങ്ങൾ.

പട്ടുമെത്തയെക്കാളുമിഷ്ടമായ് വാഗ്ദേവിയ്ക്കു"
ശിഷ്ടരാമവരുടെ ദർഭപ്പുൽവിരിപ്പുകൾ:
തത്വചിന്തോദ്രേകത്താലെങ്ങാനുമവരന്യൂക്ക്
വിസ്തീർണ്ണത്തിരുനെററി വിയർത്താലപ്പോളെല്ലാം,
പ്രേമവിഹ്വലയായ്ത്താൻ പോർമുലക്കച്ചത്തുമ്പാൽ
കോമളം വീശിപ്പോന്ന വാഗധീശപരിതൻെറ
മഞ്ജുകൈത്തണ്ടിൽച്ചിന്നി മിന്നിയ വളകൾതൻ
ശിഞ്ജിതം പുരാണത്തിൽനിന്നു നാമിന്നും കേൾപ്പൂ!

അമ്മഹാശയന്മാരാം മുനിമാരനുവേലം
ബ്രഹ്മനിശ്ചലധ്യാനം നിർത്തി വിശ്രമിക്കുമ്പോൾ
നന്മയിൽക്കവിതയാം ദേവിയുമായിച്ചെയ്ത
നർമ്മസല്ലാപങ്ങളേ, നിങ്ങൾക്കു നമസ്കാരം!

ഭാസകാളിദാസാദ്യന്മാരെയും പുലർത്തിയ
ഭാസുരസാരസ്വതഭണ്ഡാരപ്പുരകളേ,
ദുർഗ്രഹമാഹാത്മ്യമാമാമ്നായാദ്രിയിൽനിന്നു്
നിർഗ്ഗമിച്ചൊഴുകിയ നിർമ്മലനദികളേ,
ഉച്ചകൈരുപനിഷദ്ദേവതാക്ഷേത്രങ്ങളേ,
സച്ചതുർവ്വർഗ്ഗാഭിഖ്യസസ്യകക്ഷേത്രങ്ങളേ,
പേർപെറുമാര്യന്മാർതൻ വിജയസ്തംഭങ്ങളേ,
ശ്രീപുരാണാഗ്ര്യങ്ങളേ, നിങ്ങൾക്കു നമസ്കാരം!

തേനൊലിപ്പഴങ്ങളും, തൂമണം തുളുമ്പുന്ന
സൂനങ്ങൾതോറും തത്തിക്കളിയ്ക്കും കുളിർകാററും,
മാനസം തെളിഞ്ഞുള്ള പക്ഷികളുടെ കള-
ഗാനവും ചേരും ലീലാരാമങ്ങൾ ചില ദിക്കിൽ;
താമരയിലകളാൽ പച്ചവില്ലീസ്സു പുത-
ച്ചാ മട്ടിൽ വിളങ്ങുന്ന പൊയ്കകൾ ചില ദിക്കിൽ;
നക്ഷത്രങ്ങളെച്ചൂഡാരത്നങ്ങളാക്കും നാനാ-
വൃക്ഷങ്ങൾ തിങ്ങും ശൈലാരണ്യങ്ങൾ ചില ദിക്കിൽ;
പാറമേൽത്തട്ടിപ്പാരം പളുങ്കിന്മണി ചിന്നി-
ച്ചാരവമോടെ പായും പുഴകൾ ചില ദിക്കിൽ—
പ്രകൃതിരമണീയം, ശാന്തഗംഭീരം, ഹാ ഹാ,
സുകൃതിനിഷേവ്യമേ നിങ്ങൾതൻ മഹാരാജ്യം!

ദണ്ഡനാധികാരത്താൽ കണ്ണുരുട്ടിയോ, സ്നേഹാ-
ഖണ്ഡശക്തിയാൽ കൈയ്യും പിടിച്ചു നിറുത്തിയോ,
ഭംഗിയിലനുരാഗാലണച്ചു തഴുകിയോ
നിങ്ങൾ പിന്തിരിപ്പിപ്പൂ ദുഷ്കൃതത്തിൽനിന്നെന്നെ.

മണ്ണിനെപ്പൊന്നാക്കുന്ന മായതൻ കളിത്തരം
കണ്ണിമയ്ക്കാതെ നോക്കിക്കണ്ടേററം ചിരിയ്ക്കുന്നു;
മർത്ത്യജീവിതപുഷ്പം ചേററിൽ വീഴുവതോർത്തി-
ട്ടത്തലാൽക്കരയുന്നു തൽക്ഷണംതന്നേ നിങ്ങൾ.

നീതിയുമനീതിയും ധർമ്മവുമധർമ്മവും
വേർതിരിച്ചിഹ നിങ്ങൾ ഭരണം നടത്തുന്നു;
പൈതലാം ലോകത്തിന്നു വിശ്രമാനന്ദം നല്കാൻ
പ്രീതിയിൽത്താലോലിച്ചു താരാട്ടു പാടീടുന്നു.

ചെങ്കോലു ദൂരത്തിട്ടു യോഗദണ്ഡെടുക്കുന്നു;
പൊങ്കിരീടത്തെജ്ജടാജൂടമായ് മാററീടുന്നു;.
സ്വർഗ്ഗവും തൃണപ്രായം നിങ്ങൾക്കു; ജഗത്തിങ്കൽ
മൂല്യമായൊന്നേയുള്ളൂ: സ്വാതന്ത്ര്യം—സാക്ഷാൽ മോക്ഷം.

പൂതമോംകാരംപോലെ ത്ര്യക്ഷരാത്മകമാമീ
സ്വാതന്ത്ര്യം ലഭിപ്പാനായ്ക്കരണത്രിതയത്താൽ
സാദരം പ്രയത്നിപ്പിൻ; സാഫല്യപ്പെടുത്തുവിൻ,
സോദരന്മാരേ, നിങ്ങൾ സാരമാം നരജന്മം!

## ൨. അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ

1. “അന്തിച്ചുകപ്പോലുമഭ്രഖണ്ഡങ്ങളൊ-
ത്തന്തരീക്ഷാന്തരം ബിംബിച്ചിതാ,
ഹന്ത, കാണാകുന്നു കാളിന്ദി, നീളവേ
ചെന്താമരപ്പൂക്കളം ചേൎന്നപോലെ.

2. അംബ, കളിന്ദജേ നിന്നോടു നേരാമോ
ത്ര്യംബകൻ ചൂടിയ ഗംഗപോലും?
ചുംബിച്ചുപോരുന്നുവല്ലോ നീ നിത്യവു-
മംബുജനേത്രന്റെ തൃപ്പദത്തെ.

3. നിങ്കലിക്കാണും നിറപ്പകിട്ടാ മണി-
ച്ചെങ്കഴലപ്പിച്ച കാന്തിതാനോ?
എൻകണ്ണനുണ്ണിതൻ മൈ പുല്കുമാനായ-
മങ്കമാർതൻ മുലക്കുങ്കുമമോ?

4. കാളിന്ദീദേവി, നിൻ കല്ലോലപാളിയിൽ-
ത്താളം ചവുട്ടുന്ന താർത്തെന്നലോ,
നിൎവ്വാണലക്ഷ്മിതൻ നിശ്വാസംപോലെന്നെ-
സ്സൎവ്വാംഗം കോൾമയിൎക്കൊള്ളിയ്ക്കുന്നു.

5. കണ്ണന്റെ ചെഞ്ചൊടി പൂണുന്ന വേണുവിൻ
പുണ്യനിനാദത്തിൻ ബിന്ദുക്കളോ,
നിന്നുടെ തണ്ണീരൊഴുക്കിൽനിന്നേന്തിവ-
ന്നെന്നുടെ കണ്ണും കുളിപ്പിയ്ക്കുന്നു!

6. ചിൽക്കുഴമ്പായ് മുനിലോകം നുകരുമ—
ത്തൃക്കുഴലൂത്തിന്റെ തൂമാധുൎയ്യം

നിൻചാരുവെൺമണൽത്തിട്ടിനെക്കേവലം
പഞ്ചാരക്കുന്നുപോലാക്കിയല്ലോ!

7. കാളിന്ദികൊണ്ടൊരു നീലക്കരയിട്ട
ചേലിൽ വിളങ്ങും വൃന്ദാരണ്യമേ,
കാലികൾ നക്കിത്തുടയ്ക്കുമച്ചെന്തളിർ—
ക്കാലടിവെച്ചുകൊണ്ടുണ്ണിക്കണ്ണൻ
സഞ്ചരിയ്ക്കുന്ന നിൻദിക്കിലെങ്ങാനൊരു
പിഞ്ചുപുല്ലായിപ്പിറക്കാവൂ ഞാൻ!
ഹാ, ലോകഭാഗ്യമേ, പാവനമീവനം
ഭൂലോകം പൂകിന ഗോലോകം താൻ!
നല്ലിളംപൂക്കളെ മെല്ലെത്തുറക്കുന്ന
മല്ലികേ, മാലതി, മന്ദാരമേ,
വല്ലവപ്പൊൻകുഞ്ഞിൻ മന്ദഹാസാങ്കുര—
മല്ലയോ നിങ്ങളിൽ വെള്ളവീശി!:

9. അമ്പാന്റെ ശാലകൾ പൂകുന്ന ഗോക്കൾത—
ന്നമ്പാരവമിതാ, മന്ദമായി
അമ്പാടിതന്നിൽനിന്നാരാലണയുന്നു;
നിമ്പാപം കണ്ണമേ, നീരടിഞ്ഞു!

10. ഇക്കാണും ഗോകുലമന്ദിരപംക്തിതൻ
വയ്ക്കോലു മേഞ്ഞുള്ള മേൽപ്പുരമേൽ
സ്വീയകരങ്ങളാൽസ്സിന്ദൂരം ചാർത്തുന്നു
സായന്തനാരുണൻ, സാധുവൃത്തൻ.

11. അസ്തംഗമിയ്ക്കാൻ തുടങ്ങുന്ന ഭാസ്കരൻ
വിസ്തൃതം തൻകരസർവ്വസ്വവും,

അപ്പുരമേശൻ വസിയ്ക്കുമമ്പാടിയി—
ലർപ്പണംചെയ്യുന്ന പുണ്യശാലി!

12. ഗൌരഹയങ്ങളെപ്പൂട്ടിയതാകുമെൻ
തേരിതു കണ്ടു പകച്ച കണ്ണാൽ
നോക്കിനില്ക്കുന്നു, നേർക്കാലയിൽപ്പോകുന്ന
ഗോക്കളും ഗോപരുമുന്മുഖരായ്.

13. മണ്ടിനടക്കുന്ന കാളക്കിടാങ്ങൾതൻ
കണ്ഠത്തിൽത്തൂങ്ങുന്ന ഘണ്ടികകൾ
വാനിലലയ്ക്കും ഘണാഘണനാദത്താൽ
വാസരാന്തത്തെ വിളിച്ചോതുന്നു!

14. പൊൻതാഴികക്കുടം വെച്ച വന്മേടകൾ
പൊന്തിനിന്നീടുന്ന പട്ടണങ്ങൾ,
ഏതാനും പുൽമേഞ്ഞ കൊച്ചുപുരകളെ
മാർതന്നിൽച്ചേർക്കുമിഗ്ഗോകുലത്തെ
താണു വണങ്ങട്ടെ: വാഴുന്നതിങ്ങല്ലോ,
താർമാതിൻ പ്രാണനാം തമ്പുരാൻ താൻ.

15. പാലാഴിമങ്കതൻ പര്യായഭേദങ്ങൾ
പോലെഴും ഗോപാലപ്പെൺകൊടിമാർ,
ത്രൈലോക്യനാഥനാം തങ്കക്കിടാവിനെ—
ത്താലോലിയ്ക്കുന്ന നൽക്കൈകളാലെ,
ത്വംഗന്മണിമയകങ്കണക്വാണമാം
മംഗല്യസംഗീതം പൊങ്ങുംവണ്ണാ
നാക്കിനാൽക്കുട്ടിയെ നക്കി മിനുക്കുന്ന
പൈക്കളെ സ്വൈരം കറന്നീടുന്നു.

16. നീലക്കാർവണ്ണൻെറ പുഞ്ചിരിപ്പാൽക്കുഴ-
മ്പൊലും തിരുമുഖം ധ്യാനിയ്ക്കയും,
'വീരനപ്പാൽവെണ്ണക്കള്ളനെങ്ങെ'ന്നപേ-
ത്താരാഞ്ഞുകൊൾകയും ചെയ്യുംപോലെ,
നേത്രമീമച്ചു മിഴിയ്ക്കുന്നു ദോഹന-
പാത്രത്തിൻ വക്കത്തിപ്പാൽപ്പതകൾ."

17. അക്രൂരചാതക, പോരും നിൻ ചിന്തകൾ;
ചിക്കെന്നു തേർവിട്ടിറങ്ങിക്കൊൾക:
തൃക്കണ്ണാൽ പൈക്കറെവീക്ഷിച്ചുകൊണ്ടിതാ,
നില്ക്കുന്നു നിന്നുടെ നീലമേഘം—

ആനകദുന്ദുഭി, ദേവകിയെന്നിവർ
നാനാതപശ്ശക്തി നേടിനേടി,
പ്രേമമാം പീയൂഷംകൊണ്ടു നിർമ്മിച്ചൊരു
കോമളശ്യാമളബാലരൂപം—

നന്ദൻെറ ഗേഹത്തിൽദ്ദൈവം കൊളുത്തിയ
സുന്ദരമായൊരു ഭദ്രദീപം—
ധന്യയാകുന്ന യശോദതൻ മാർത്തട്ടിൽ
മിന്നുന്ന മാഹേന്ദ്രക്കൽപ്പതക്കം—

വാരുററ വല്ലവീവല്ലികൾ തോറുമേ
പാറിപ്പറക്കുന്നൊരോമൽക്കിളി—
കാളിന്ദിതൻമണൽത്തിട്ടിൽക്കളിപ്പൊരു
കാളായവണ്ണമാം രാജഹംസം—

ആനായപ്പിള്ളക്കൊരുള്ളൊക്കും ചങ്ങാതി—
യാമ്നായവേദികൾക്കാദ്യതത്ത്വം!

18. കോലക്കുഴലുമാപ്പൈക്കളെ മേയ്ക്കുന്ന
കോലുമിടത്തെക്കരത്തിലാക്കി;
ത്രൈലോക്യസാമ്രാജ്യച്ചെങ്കോൽ വഹിയ്ക്കുന്ന-
പേലവമാകും വലത്തുകയ്യാൽ,
കാലിക്കിടാങ്ങൾതന്നെണ്ണയൊലിയ്ക്കുന്ന-
പോലുള്ള കോലം തലോടിക്കൊണ്ടും;
താരിന്നു ചൂഴവുമല്ലികൾപോലെ തൻ-
ചാരേ ചുഴന്നെഴും പൈതങ്ങളെ
ചാരുവാം പുഞ്ചിരിത്തേൻകൊണ്ടു ചാലിച്ച
ചാടുവാക്കാൽച്ചിരിപ്പിച്ചുകൊണ്ടും;
ചന്തത്തിൽപ്പീലികൾ ചാർത്തിയ കാറൊളി-
ക്കുന്തളമൊട്ടൊട്ടഴിഞ്ഞു ചെമ്മേ,
ഗോരോചനക്കുറി മാഞ്ഞു വിയർപ്പിനാൽ
ഗൌരരുത്തേന്തിയ നെററിമേലും,
ചേറു പുരണ്ടൊരു തൂമഞ്ഞൾച്ചിററാട
ചേരുന്ന തോളിലും ചിന്നിക്കൊണ്ടും;
കാലികളോടൊത്തു പാഞ്ഞു നടന്നിട്ടു
കാനനധൂളികൾ പററുകയാൽ,
ശില്പസംസ്കാരം കഴിയാത്ത രത്നമോ-
ടൊപ്പമാം പൂവൽമൈ വാടിയാലും,
തായാടൽ നിർത്താൻ മനസ്സു വരായ്കയാൽ,
തായ പൊൻകിണ്ണത്തിലെണ്ണയുമായ്
നിന്നു നീരാടുവാൻ ചെൽവതിന്നായ് വിളി-
യ്ക്കുന്നതു കേൾക്കാത്ത ഭാവം പൂണ്ടും;

'കണ്ണാ, വരികി,താ വെണ്ണ'യെന്നങ്ങയൽ-
പ്പെണ്ണുങ്ങൾ മാടി വിളിയ്ക്കിലപ്പോൾ,
മഞ്ജീരശിഞ്ജിതം വീശുമാറോമന-
ക്കഞ്ഞികാൽകൊണ്ടാശു പാഞ്ഞു ചെന്നും;

തെല്ലുകലത്തായ് ത്തെളിഞ്ഞു വിളങ്ങുമാ-
ച്ചില്ലുതാകന്ദമാം കൈപ്പെതലിനെ
നല്ലപോലീക്ഷിപ്പാനാളായീലക്രൂര-
നു,ല്ലളൽബാഷ്പാക്ഷനാകമൂലം.

19. ആ മഹാഭക്തനന്നരക്ഷണാൽ നിശ്ശേഷ-
കാമസമ്പൂർത്തി കൈവന്നതായും,
ഏതോ വിശിഷ്ടപ്രയോഗത്താൽ ജീവിതം
നൂതനമായ്ത്തീന്നതായും തോന്നി.

20. ചേണററ പീയൂഷയൂഷക്കയമൊന്നി-
ലാണമുഴകിയാലെന്നപോലെ,
ഉള്ളം മുഴക്കെക്കുളിത്തവൻ ബാഹ്യമാ-
യുള്ളതെല്ലാമേ മറന്നുപോയി.

21. തേരിൽനിന്നഞ്ജസാ ചാടിയിട്ടാ യുവാ-
വാ,രിതെന്നേവരും നോക്കിനില്ക്കേ,
ആഴിപ്പെണ്കാന്തൻെറ തൃക്കാൽ പതിഞ്ഞ വെൺ-
പൂഴിയിൽ വീണു കിടന്നുരുണ്ടാൻ:
ഉന്മസ്തകോത്തമഭക്തിയിൽ പ്രാജ്ഞനു-
മുന്മത്തചേഷ്ടനായ്ത്തീരുമല്ലോ.

# ൩. ജാതകം തിരുത്തി

1. ഉമർ, ഭവാനൂരിയ വാളൊടേവനെ-
സ്സമാക്രമിപ്പാൻ നടകൊൾവു സത്വരം?
ക്ഷമായുധംകൊണ്ടരിശത്തെ വെല്ലുയാം
സുമാനുഷർക്കുററ ജയം ജഗത്തിതിൽ.

2. കരൾക്കകം മേവിന ശാന്തിലക്ഷ്മിതൻ
കരസ്ഥകേളീമുകുരം ത്വദാനനം;
വിരിഞ്ഞതിങ്കൽശ്ശിവനേ, ചുകന്ന ക-
ല്ലുരച്ചു തേച്ചാനൊരമർഷമർക്കടൻ!

3. ചിരന്തനാമ്നായകശീലനാർഹമീ
സ്ഥിരന്മഹാസത്ത്വഗുണം തവാധരം
ദുരന്തമാം ക്രോധപിശാചമന്ത്രമോ
പരം ജപിയ്ക്കേണ്ടതധീരമാം വിധം?

4. സ്തുതിച്ചുകൊണ്ടേതൊരു കണ്ഠസീമ്നി തേ-
നതിന്ന് നീലോൽപലമാല ചാർത്തണം,
അതിങ്കലിപ്പാമ്പെതിർവാൾ മയക്കുവാൻ
മുതിർന്നുവല്ലോ മുഴപാമ്പി പോലെ നീ!

5. അഹർമ്മുഖപ്പൊൻകതിർപോലെ പോന്നവൻ
മുഹമ്മദ;-പ്പേരിനിതാ, നമസ്കൃതം!—
സ്വഹസ്തവാളായ തമിസ്രരേഖയാ'
മഹസ്സിനെന്തുണ്ട?-ത്തുമോർപ്പില്ല നീ.

6. അതല്ല തെറ്റെന്തു നബിയ്ക്കു: ജീവനാ-
മൃതം മൃതർക്കായിഹ കൊണ്ടുവന്നതോ?

മതന്ധരിതൻ നിന്നൊട്ടു സത്യമൂർത്തിതൻ
സ്വാതന്ത്ര്യസന്ദേശമുരച്ചിടുന്നതോ?

7. ഫലം പെറും പാരിതെവൻെറ തോട്ട,മ
ഞ്ജുലർക്ഷമാം വാനമെവൻെറ പൂവനം,
അലംഘ്യഭ്രമാവവനേ, ദൃഢം തവാ-
വലംബമെന്നോന്നുരചെയ്തുപോയതോ?

8. 'പരസ്യമാകുന്ന പിശാചമർമ്മമീ
നരൻ നടന്നെ'ന്നസഹിഷ്ണു നീയഹോ,
പരൻെറ ചോരയ്ക്കുസിനാവുനീട്ടി നി-
ർഭരം കുതിയ്ക്കുന്ന പിശാചിനൊപ്പമേ!

9. 'ഒഴുക്കിടൊല്ലാ സമസൃഷ്ടരക്ത'മെ-
ന്ന,ഴുക്കരുംമാറതാംചെയ്തവൻെറ താൻ
കഴുത്തിൽനിന്നാകണമോ, സുവിഭ്രമം
മുഴുത്ത നിൻവാളിനു കുങ്കുമാർപ്പണം!

10. വത്സ സഖേ! സോദര, പിന്തിരിയ്ക്കുകീ-
ഗ്ഗുരുദ്രാഹദ്രോഹപഥത്തിൽനിന്നു നീ:
നിരൂപിയാതേ നരകം വരിയ്ക്കയോ,
പുത്രത്സവം വിണ്ണുതാംവാനിൽനിന്നു നാം?

11. തിരിഞ്ഞുനോക്കാതെയവൻ വിവേകമായ്-
പ്പിരിഞ്ഞിരുട്ടത്തുഴറിക്രമിയ്ക്കവേ,
ശരിയ്ക്കു വീക്ഷിച്ചിതു സവ്‌സാക്ഷിതൻ
വിരിഞ്ഞ രാക്കണ്ണുകൾ വാനിൽനിന്നഹോ!

12. കടുത്ത ജിന്നിൻവിളി കേട്ടു സൽഗുരു-
ക്കൊട്ടുംകൊലയ്ക്കല്ലിലവൻ കുതിയ്ക്കവേ,

അടുത്തു ഖദ്യോതമിഷേണ, പാപിയെ-
ച്ചുടുന്ന ചെന്തീപ്പൊരി പാറി ചുററുമേ!

12\. പെരുത്തു നൂററാണ്ടിനിടയ്ക്കൊരിക്കലീ
മരുപ്പുറമ്പാമുലകത്തിലീശ്വരൻ
ഒരുററ വൃക്ഷത്തെ നടുന്നു, പാന്ഥരായ്
വരുന്നവർക്കുത്തമവിശ്രമത്തിനായ്;

14\. ഭൃശാഭിമാനാലവരോ, കൃതഘ്നര-
സ്സുശാഖിതൻ നേർക്കു കഠാരി വെയ്ക്കയായ്:
നിശാതമയ്യോ, തവ തൂർണ്ണ കൃസ്തുവിൻ-
പ്രശാന്തരക്തത്തെ നുകർന്നു ലോകമേ!

15\. അശീതനിശ്വാസമൊടാശു പോകുമാ
വശീന്ദ്രസംഹാരപരൻ വഴിക്കതാ,
നിശീഥനിശ്ശബ്ദതയെസ്സുഖോചിതം
കൃശീകരിക്കുന്നൊരു പാട്ടു കേട്ടിതേ.

16\. പരാർദ്ധ്യമാമപ്പുരുസൂക്തസപ്തക-
സ്വരാഢ്യമാമമ്മദവേദഗീതിയിൽ
സ്ഥിരാദരാൽ വീർപ്പുമടക്കി നിന്നിതോ
മരാമരംപോലെ സമീരനും തദാ;

17\. തുടർന്നുപോയ് തന്നളിയൻെറ വീട്ടിലും
സ്ഫുടം കുറാൻവായനയെന്നു കണ്ടുടൻ
വിടർന്നു കണ്ണാൽച്ചുടുതീയ്യുതിർത്തവൻ
കടന്നിതങ്ങോട്ടു കരാളരൂപനായ്.

18\. പരുത്ത വാളോങ്ങി യമാഭനാമുമർ
വരുന്നതീക്ഷിച്ചഥ, തൻെറ ജീവനെ

ഇരുട്ടിലെങ്ങാനുമൊളിച്ചുവെയ്ക്കുവാൻ
തെരുന്നനെപ്പാഞ്ഞു മറഞ്ഞു ഗായകൻ!

19. വരൻ ഭയപ്പെട്ടു പകച്ചു നില്ക്കവേ,
പുരന്ധ്രിയാം 'ഫാത്തിമ' പുണ്യശീലയാം
ഒരൻപെഴും പുഞ്ചിരിയായ പൂവിനാൽ
പുരഃസ്ഥമാം മൃത്യുവിനച്ച്ചു നല്കിനാൾ!

20. വളം മനോജന്നരുളുന്ന യൌവന-
പ്പുളപ്പിലും ശാന്തത പൂണ്ട തന്മുഖം
മിളിതസുരോമാഞ്ച കപോലപാളിയായ്
വിളങ്ങി, വേദശ്രവണോത്ഥഭക്തിയാൽ.

21. 'പാരം പവിത്രം തവ ദീർഘദർശിതൻ
ശിരസ്സു കൊയ്യുന്നതിനുള്ള വാളിതാ;
അരക്ക, മുല്പാടിതു നിൻെറ ശോണിതോൽ-
ക്കരത്തിൽ മുക്കിക്കഴുകുന്നതുണ്ടു ഞാൻ!'

22. ഇതിൻവണ്ണം ഗർജ്ജിച്ചതിഥി ഗൃഹനേ-
താവിനെതിരായ്-
പ്പുതിപ്പിച്ചാൻ ഖഡ്ഗം; പ്രണയിനി തട-
ത്താളതിടയിൽ;
അതിൽപ്പൊൻപൂമെയ്യിന്നഥഥ, മുറിപെ-
ട്ടുക്കിലൊഴുകീ,
സതിത്തയ്യിന്നാത്മേശപരനിലിയലും
രാഗവിഭവം!

23. ക്ഷീണം മെയ്യും മനസ്സും ഏല്ലന്നയുന്നതുമമാ-
ക്രന്ദ്രപാതക്ഷണത്തിൽ;-

കാണപ്പെട്ടീല സാധ്വിയ്ക്കഴകുടയ മുഖ-
ത്തല്പവും ഭാവഭേദം!
‘പ്രാണൻ പോയാലുമിസ്ലാംമതമിതു വെടിയാ
ഞങ്ങളെ’ന്നാൾ; മണിപ്പൊൻ
വീണയ്ക്കൊക്കും സ്വരത്തോടവൾ; സഹജനതാം
മറെറാരാളായ്ച്ചമഞ്ഞു:

24. മങ്കപ്പൂൺർപോട്ട ‘മാപ്പി’ന്ന്, വനരിയ കുറാൻ-
ഗ്രന്ഥമർത്ഥിച്ചു, ഹിംസാ-
പങ്കം പോക്കാൻ ജലത്താൽക്കഴുകിയ കരതാർ-
കൊണ്ടു മേടിച്ചു ഭക്ത്യാ—
തങ്കം പോലാം വിളക്കിൻതിരികൾ നിഭൃതമായ്
നിന്നകത്തി!—സമീപ-
ത്തിങ്കൽക്കാൽമുട്ടു കുത്തിപ്പെരുത്തുരു നബിയാം
ദേവനെക്കൈവണങ്ങി!

25. വിരുദ്ധമതി വിട്ടൊഴിഞ്ഞ,തു-
ദിനം മുതല്ക്കാസ്ഥയാ
ഗുരുത്തലവനെബ്ഭജിച്ചനഘ
ശിഷ്യനായാനയാൾ;
പെരുത്തു മൊഴിയെന്തിന,സ്സതി
തെളിഞ്ഞ തൻചോരയാൽ-
ത്തിരുത്തിയെഴുതീ ക്ഷണാൽ സഹ-
ഭവൻെറ മുൻജാതകം!

---

## ൪. എന്റെ ഗുരുനാഥൻ

1. ലോകമേ തറവാടു തനിക്കീച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ;
ത്യാഗമെന്നതേ നേട്ടം; താഴ്മതാനഭ്യുന്നതി;
യോഗവിത്തേവം ജയിക്കുന്നിതെൻ ഗുരുനാഥൻ.

2. താരകാമണിമാല ചാർത്തിയാലതും കൊള്ളാം;
കാറണിച്ചളി നീളെപ്പുരണ്ടാലതും കൊള്ളാം;
ഇല്ലിഹ സംഗം ലേപമെന്നിവ; സമസ്വച്ഛ-
മല്ലയോ വിഹായസ്സ്, വിണ്ണമെൻ ഗുരുനാഥൻ:

3. ദുർജ്ജന്തുവിഹീനമാം ദുർല്ലഭതീർത്ഥഹ്രദം,
കജ്ജലോൽഗമമില്ലാത്തൊരു മംഗളദീപം,
പാമ്പുകൾ തീണ്ടിടാത്ത മാണിക്യമഹാനിധി,
പാഴ്നിഴലുണ്ടാക്കാത്ത പൂനിലാവെന്നാചാര്യൻ.

4. ശസ്ത്രമെന്നിയേ ധർമ്മസംഗരം നടത്തുന്നോൻ,
പുസ്തകമെന്ന്യേ പുണ്യാധ്യാപനം പുലർത്തുന്നോൻ,
ഔഷധമെന്ന്യേ രോഗം ശമിപ്പിപ്പവൻ, ഹിംസാ-
ദോഷമെന്നിയേ യജ്ഞം ചെയ്വവനെന്നാചാര്യൻ.

5. ശാശ്വതമഹിംസയാണമ്മഹാത്മാവിൻ വ്രതം;
ശാന്തിയാണവിടേക്കു പരദേവത പണ്ടേ;
ഓതുമാറുണ്ടല്ലോഹോ:—'മഹിംസമണിച്ചിട്ട-
യേതുടവാളിൻ കൊട്ടുവായ്ത്തല മടക്കാത്തു?

6. ഭാൎയ്യയെക്കണ്ടെത്തിയ ധൎമ്മത്തിൻ സല്ലാപങ്ങ-
ളാൎയ്യസത്യത്തിൻ സദസ്സിങ്കലെസ്സംഗീതങ്ങൾ,
മുക്തിതൻ മണിമയക്കാൽത്തളക്കിലുക്കങ്ങൾ
മററുമെൻ ഗുരുവിൻെറ ശോഭനവചനങ്ങൾ.

7. പ്രണയത്താലേ ലോകം വെല്ലുമീ യോദ്ധാവിന്നോ,
പ്രണവം ധനുസ്സാ,ത്മാവാശുഗം ബ്രഹ്മം ലക്ഷ്യം;
ഓംകാരത്തെയും ക്രമാലലിയിച്ചലിയിച്ചു
താൻ കൈക്കൊള്ളുന്നതു ഉലോം സൂക്ഷ്മമാമംശംമാത്രം!

8. ക്രിസ്തുദേവൻെറ പരിത്യാഗശീലവും, സാക്ഷാൽ-
കൃഷ്ണനാം ഭഗവാൻെറ ധൎമ്മരക്ഷോപായവും,
ബുദ്ധൻെറയഹിംസയും, ശങ്കരാചാൎയ്യരുടെ
ബുദ്ധിശക്തിയും, രന്തിദേവൻെറ ദയാവായ്പും,
ശ്രീഹരിശ്ചന്ദ്രനുള്ള സത്യവും, മുഹമ്മദിൻ
സ്ഥൈൎയ്യവുമൊരാളിൽച്ചേൎന്നൊത്തുകാണണമെങ്കിൽ,
ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തി-
ല,ല്ലായ്കിലവിടുത്തെച്ചരിത്രം വായിയ്ക്കുവിൻ!

9. ഹാ, തത്രഭവൽപ്പാദമൊരിയ്ക്കൽ ദൎശിച്ചെന്നാൽ-
ക്കാതരനതിധീരൻ; കൎക്കശൻ കൃപാവശൻ;
പിശുക്കൻ പ്രദാനോൽക്കൻ; പിശുനൻ സുവചന-
ന;-ശുദ്ധൻ പരിശുദ്ധൻ;-നലസൻ സദായാസൻ!

10. ആതതപ്രശമനാമത്തപസ്വിതൻ മുന്നി-
ലാതതായിതൻ കൈവാൾ കരിംകൂവളമാല്യം;
ക്രുദ്ധ ദംഷ്ട്രികൾ ചേൎന്ന കേസരിയൊരു മാൻകു-
ഞ്ഞാ;-ത്തേന്തിരതടംതല്ലും വൻകടൽ കളിപ്പൊയ്ക!

11. കാൎയ്യചിന്തന ചെയ്യും നേരംമന്നോതാവിന്നു
കാനനപ്രദേശവും കാഞ്ചനസഭാതലം;
ചട്ടററ സമാധിയിലേപ്പെട്ടുമാ യോഗിയ്ക്കു
പട്ടണനടുത്തട്ടും പൎവ്വതഗുഹാന്തരം!

12. ശുദ്ധമാം തങ്കത്തെത്താനല്ലയോ വിളയിപ്പൂ-
തദ്ധൎമ്മകൃഷകന്റെ സൽക്കൎമ്മം വയൽതോറും?
സിദ്ധനാമവിടുത്തെത്തൃക്കണ്ണോ, കനകത്തെ-
യിദ്ധരിത്രിതൻ വെറും മഞ്ഞമണ്ണായിക്കാണ്മൂ!

13. ചാമരചലനത്താലിളിച്ചുകാട്ടും പിരാ-
ഹാ, മഹാവിരക്തന്നു പൂജ്യസാമ്രാജ്യശ്രീയും!
ഏതു പൂങ്കഴലിന്നുമഴൽ തോന്നാസ്സുനാരീ
സ്വാതന്ത്ര്യദുൎഗ്ഗാദ്ധ്വാവിൽപ്പട്ടുകൾ വിരിയ്ക്കുന്നു,
അത്തിരുവടി വല്ല വല്ക്കലത്തുണ്ടുമുടു-
ത്തൎദ്ധനഗ്നനായല്ലോ മേവുന്നു സദാകാലം!

14. ഗീതയ്ക്കും മാതാവായ ഭൂമിയേ ദൃഢമിതു
മാതിരിയൊരു കൎമ്മയോഗിയെ പ്രസവിയ്ക്കൂ—
ഹിമവദ്വിന്ധ്യാചലമദ്ധ്യദേശത്തേ കാണൂ
ശമമേ ശീലിച്ചെഴുമിത്തരം സിംഹത്തിനെ—
ഗംഗയാറൊഴുകുന്ന നാട്ടിലേ ശരിയ്ക്കിത്ര
മംഗളം കായ്ക്കും കല്പപാദപമുണ്ടാവുള്ളൂ!

15. നമസ്തേ ഗതതൃഷ്! നമസ്തേ ദുരാധൃഷ്!
നമസ്തേ സുമഹാത്മൻ! നമസ്തേ ജഗൽഗുരോ!

---

# ൭. "അല്ലാഹ്"

(അന്നനട)

1. കഴൽച്ചുവട്ടിലി,ത്തിരിയൊന്നു തൊട്ടാൽ
മുഴക്കെപ്പൊള്ളിപ്പോമെരിമണൽപ്പുറം;
തലയ്ക്കു മീതെയോ, കമിഴ്ന്നുനിന്നു,തീ-
യൊളിവെയിൽ തൂകും നഭോനെരുപ്പോടും;

അരയിൽത്തൂക്കിയൊരുടവാളാകുന്ന
പരിജനത്തൊടൊത്തൊ,രുനാളിൽ മുന്നം,
മനോജ്ഞവും പുണ്യായതനവുമായ
'മദീനാ'യ്ക്കു പോകും മുഹമ്മദുനബി—

ചിരപ്രവൃദ്ധമാം തമസ്സകററുവാൻ
ധരയിലെയ്ക്കീശൻ നിയോഗിച്ച സൂര്യൻ—
ദിവി നിർത്തപ്പെട്ട പുരാണസൂര്യനാൽ
വിവിക്തമാം പഥി തപിപ്പിയ്ക്കപ്പെട്ടു.

2. പകലിനായുസ്സു പകുതി ചെന്നപ്പോൾ;
പ്രകടമായി തൽപ്രതാപവൈഭവം;
എരിതീയിലിട്ടു പഴുപ്പിച്ചുവെച്ചൊ-
രിരിമ്പുഗോളമോ, വിരിഞ്ചാണ്ഡമിപ്പോൾ!

3. പരമേശനതിത്തഴമ്പു പൊങ്ങിയ
വിരിനെററിയിന്മേൽ വിയർപ്പുമുത്തുമായ്
ഒരു പാദപത്തെശ്ശരണം പ്രാപിച്ചാ-
നു,രുതണൽ തപ്തർക്കരുളുമിപ്പാന്ഥൻ!

ങ്ങുണവാനത്തരു വിരിച്ചിട്ടിരുന്നു
തണലാകും ശ്യാമപ്പരവതാനിയെ;
അതിന്നങ്ങിങ്ങി,ലപ്പഴുതിങ്കലൂടെ
പതിയ്ക്കുമാതപം കനകപ്പുള്ളിയായ്!

4. വരദ്രുമത്തിന്റെയുപചാരം കൈക്കൊ-
ണ്ടു,റയിട്ട കൈവാളതിൻ കൊമ്പിൽത്തൂക്കി,
മലർന്നങ്ങു കിടന്നരുളിനാൻ നബി;-
യലസമായ് സ്വയമടഞ്ഞു ലോചനം;
ഇരുവശങ്ങളിൽക്കുഴഞ്ഞുവീണു, പൊൻ-
പരിഘം പോലെ നീണ്ടുരുണ്ട കൈകളും
വെയിൽനിലം വിട്ടു തണൽ പുക്കളേബരം
ലയിച്ചിതു സുഖസുഷുപ്തിയിൽ ക്രമാൽ—
അതേ, സംസാരോഗ്രജ്വരത്തെപ്പിന്നിട്ടു
ചിദേകാനന്ദത്തിൽ നിലീനനായ് മുനി!

5. പെരുംചൂടാലന്തഃകളനാദാമൃതം
വരണ്ടു വററിയ ഗളനാളത്തോടും
മരക്കൊമ്പുകളിലിലകളാലുടൽ
മറച്ചു മേവിന ചില പറവകൾ
തളർന്നു കൺകൊണ്ടത്തിരുമുഖത്തിലെ-
ക്കുളിർമാധുര്യത്തെ നുകരുകയായി!

6. തിരുവടിയ്ക്കിങ്ങു സുവിശ്രമഭംഗം
വരുത്തുവാനൊരാളതാ, പാഞ്ഞെത്തുന്നു—
അരുത,ട്ടത്തിടാസ്സരേ ദുഷ്ട; നീയേ-
തിരുൾക്കുഴിയിൽനിന്നെഴുനേററുവന്നു!

നരകാർഹൻ നീ;-യിഗ്ഗുരുസന്നിധിയോ,
മരുഭൂവായാലും മഹനീയസ്വർഗ്ഗം!
അകന്നൊഴിഞ്ഞു പോക:-ഴക്കന്റെ നീ;-യി-
ബ്ഭഗവന്മൂർത്തിയോ, പരിശുദ്ധതീർത്ഥം—
ഉരഹംകാരം നീ;-യിതോ ശാന്തിഗുണം—
അരുകപടം നീ;-യിതോ, സാക്ഷാൽസ്സത്യം!!

7. ജയിച്ചുപോയിയെന്നൊരു ഭാവം മുഖ-
ത്തിയന്ന ചെന്നാട്ടത്ത,വിശ്വാസിയവൻ—
ചരാചരേശനിച്ചതി കാണുന്നില്ലേ!—
മരക്കൊമ്പത്തുനിന്നെടുത്താനക്ഖഡ്ഗം.
അസി കൈക്കലാക്കിയതു മറെറാന്നിന-
ല്ല;-വന്ന തന്മനോരഥം നിറവേറാൻ
മുഹമ്മദിൻെറ തൃക്കഴുത്തു വെട്ടണം—
മഹാമതത്തിൻെറ മുരടറുക്കണം!
അഹോ വൈപരീത്യം: കൊലപാതകികൾ-
ക്കഭയസ്ഥാനങ്ങൾ സുലഭം ലോകത്തിൽ;
പൊരുൾ കാട്ടി നമ്മെസ്സജീവിതരാക്കും
ഗുരുവരന്മാർക്കോ, പൊറുതിയില്ലെങ്ങും!

8. നബിയുടനുണർന്നവനെ വീക്ഷിച്ചാൻ
നറുംപ്രസന്നത തിരണ്ട തൃക്കണ്ണാൽ;
തല കൊയ്യാൻ വന്ന രിപുവവിടെയ്ക്കു,
പല നാളാൽ കാണും പ്രിയവയസ്യനോ!
ചിരിയുംകൊണ്ടവൻ ചെകുത്താൻെറ വായ് കൊ-
ണ്ടൊരു ചോദ്യം ചെയ്താ:-നെടോ മഹമ്മതേ,

ഇതാ നിൻവാൾതാൻ നിൻനിണം കുടിയ്ക്കയായ്;
ഇതിൽനിന്നു നിന്നെയെവൻ സംരക്ഷിയ്ക്കും?'
പ്രജകൾതൻകുററം പൊറുത്തരുളുവാൻ
ത്രിജഗതീപിതാവൊടു പലപ്പോഴും
നിബിഡപ്രേമത്താലപേക്ഷിച്ചുപോന്ന
നബിത്തിരുനാവിൻ തലയ്ക്കൽനിന്നപ്പോൾ,
ഇരുവധക്രിയയ്ക്കുഴറിനില്ക്കുമ-
ക്കരാളനും കൈവാൾ വഴുതിപ്പോംവണ്ണം
അതിസ്നിഗ്ധഭക്തിരസമൊഴുക്കി നി-
ഷ്പതിച്ചിത്‘ല്ലാഹെ’ന്നൊരു ചെറുപദം!

---

## ൯. മലയാളത്തിൻെറ തല

(കേക)

1. "എന്നുടെ തല വേണമങ്ങേയ്ക്കു മുക്തിയ്ക്കെങ്കിൽ—
അന്യൂനഭവാതങ്കവൃത്രനെക്കൊല്‌വാനെങ്കിൽ,
എന്നോടാര്യ ചൊല്‌വാനിത്രയും സങ്കോചമോ?
ധന്യനാം ദധീചിതൻ നാട്ടുകാരല്ലോ ന്നാ നാം!
എത്ര നിസ്സാരം ഭവാൻ ചോദിച്ചതീ, മൽപിണ്ഡം—
അസ്ഥിരശരീരത്തിൻ താഴികക്കുടം—ശ്രീമൻ,
ത്വത്തപസ്സിനു പൂർത്തി വരുത്തുമെങ്കിലെ,നി-
യ്ക്കത്യല്പവിലയ്ക്കല്ലോ കിട്ടുന്നു മഹാപുണ്യം.
2. അത്യുദാരസ്സഹജമാം മെയ്ച്ചട്ടയടർത്തേകി,
മൃത്യുദണ്ഡിനു നേരെ മാറു കാട്ടിയ കർണ്ണൻ

നമ്മൾതൻപ്രപൂർവികന്മാരാണെങ്കിലെ,ന്നെക്കൊണ്ടെന്നെ
ധർമ്മമേ ചെയ്യിപ്പാനങ്ങെന്തിന്നു മടിയ്ക്കുന്നു?

3. പന്നഗങ്ങളിലൊന്നിന്നായുസ്സു നീട്ടാൻവേണ്ടി,-
ത്തന്നുടെ താരുണ്യശ്രീ പൂണ്ട സുന്ദരഗാത്രം
പൈ മൂത്ത ഗരുഡൻെറ കൊക്കിന്നു കോക്കൊന്നിട്ട
ജീമൂതവാഹൻ സാധോ, നമുക്കു രാജാവല്ലീ?

4 ദീനനാം പിറാവിന്നു പകരം, പരുന്തിൻെറ
തീനിനായ്സ്സിബി പണ്ടു തന്നവയവമാംസം
കൈവാളാലരിഞ്ഞപ്പോൾത്തെറിച്ച ഘോരഘോരയാം
കാശ്മീരക്കറി മാഞ്ഞിട്ടില്ലസ്മൽക്ഷിതിയ്ക്കിന്നും!

5. ലോകത്തിൻസുഖത്തിന്നായ്ദുഃഖങ്ങളൊക്കെത്തങ്ക-
ലാകുവാനാശംസിച്ചതേതൊരു മഹാത്മാവോ,
ആ രന്തിദേവനുടെ ദേഹജഭസ്മാണുക്കൾ
പാറിടുന്നുണ്ടങ്ങിങ്ങി,നാം ശ്വസിച്ചിടും കാററിൽ!"

6. രുദ്രസാലോക്യപ്രാപ്തിതൃഷ്ണയാൽ നിജകണ്ഠ-
രക്തത്തിനായ്ത്താൻ കുമ്പിടും കാട്ടിയ കാപാലിയെ
തണ്ണീരൊട്ടിരന്നോനെയെന്നപോല,ലിവോലും
കണ്ണിനാൽ നോക്കിച്ചൊന്നാൻ ശങ്കരാചാര്യൻവീണ്ടും:-

7. "അന്യഥാ കരുതായ്ക"മാമുനേ ഭവാദൃശർ-
തന്നനുഗ്രഹത്തിന്നായ്ത്താഴാത്തതല്ലെൻ ശീഷം,
അത്യുഗ്രതപശ്ശുഷ്കവിഗ്രഹന്മാരെന്നെന്നി-
യ്ക്കുത്ഥിയാണ,തിഥിയാണ,ഖിലംകൊണ്ടും പൂജ്യർ.

8. സിദ്ധമാം ക്രതുവങ്ങയ്ക്കെന്നറിഞ്ഞിട്ടു,മതി-
ന്നിത്തിരി തീച്ചുംടേല്പാൻ ചായില്ലെൻതലയെങ്കിൽ,

ഇക്കർമ്മഭൂഖണ്ഡത്തിൻ പ്രഥമാകീർത്തിപ്പൊതി-
യ്യെല്ലാക്കവൊന്നിതെന്തിന്നോൻ തോൾകളാൽ
[ബ്ഭൂസിയ്ക്കുന്നു!

9. ആനന്ദക്കളിർബ്ബാഷ്പമാകിന ജലത്തോടേ
ഞാനിതാ, തന്നേന,ങ്ങു ചോദിച്ച ഹോമദ്രവ്യം;
ശിഷ്യരിലാരും ചാരത്തില്ലാത്ത തക്കം നോക്കി-
ശ്ശിക്ഷിതാത്മാവേ, കൊണ്ടുപോയ്ക്കൊൾകിതിഷ്ടം
[പോലെ."

10. ആശ്രമാങ്കണസീമ്നി പച്ചപ്പുൽവിരിപ്പിൽ വാ-
ണാശ്രമം നാലാമത്തേതാണ്ടു കൈപ്പിള്ളിദ്വിജൻ,
സർവ്വജ്ഞശിരസ്സൊന്നു ഹോമിച്ചിട്ടുടലോടേ
ശർവ്വൻെറ ലോകം പൂകാൻ മുതിന്ന മുമുക്ഷുവായ്
ജ്ഞാനവിജ്ഞാനമണിച്ചെപ്പാകും സ്വശിരസ്സു
ദാനംചെയ്തരുളിയ വാക്കിതു കേട്ടിട്ടും ഹാ,
കോൾമയിർക്കൊണ്ടീലത്രേ, പുഷ്പാക്ഷിസഹസ്രത്താൽ
സ്വാമിയെസ്സന്ദർശിയ്ക്കും ശ്രീശൈലം വനനീലം.

11. മല്ലികാർജ്ജുനക്ഷേത്രംകൊണ്ടൊരു കിരീടം വെ-
ച്ചുല്ലസിച്ചമരുമപ്പർവ്വതത്തിനു താഴേ,
തൻതോളിൽനിന്നെപ്പോഴോ വീണൊരു വെള്ളപ്പട്ടിൻ
പന്തിയില,ലകളാൽച്ചുളിഞ്ഞ നദിതാനും-
പാതാളാഭിധയായ ഗംഗയും—മുന്നെപ്പോലേ
ഗീതികൾ പാടിക്കൊണ്ടു ശാന്തയായ് പ്രവഹിച്ചു;

12. വീശാതെ വിരമിച്ചു നിന്നീല ക്ഷണംപോലും
ശ്രീശൈലദ്രുമസുമഗന്ധിയാം കുളിർകാററും—

അൎത്ഥിയെ പ്രാണൻകൊണ്ടുമാരാധിയ്ക്കുകയൊരു
പുത്തനാമേടല്ലല്ലോ ഭാരതചരിത്രത്തിൽ!

13. പൈശാചച്ചിരിയൊന്നക്കാപാലികാസ്യത്തിങ്കൽ
വീശി വാഞ്ഛിതലാഭസന്തോഷപ്രകാശത്തെ:
സൎവ്വജ്ഞതല കിട്ടീ, തീക്കുഴി തീൎക്കാം, ഹോമം
നിൎവ്വഹിച്ചീടാം, മെയ്യോടൊത്തു കൈലാസം കേറാം!

14. വൻകടൽ പൂകീ സൂൎയ്യൻ സാന്ധ്യമാം സ്നാനത്തി [ന്നായ്,
ശങ്കരയതീന്ദ്രൻെറ ശിഷ്യരത്തുവിണ്ണാവും..
രക്തമായ് മിന്നീ പശ്ചിമാംബരം:-കാപാലിക-
നസ്താദ്രിതടത്തിലോ വഹ്നിയെജ്ജ്വലിപ്പിച്ചു!

15. ശാരീരകാഖ്യാതാവിശ്രാന്തമാം മഠത്തിൽ,-
ഭൈരവയജ്വാവിനെപ്പൂരിതകൎമ്മാവാക്കാൻ,
ഏകനായേകാന്തത്തിൽസ്സുസ്ഥിരമാകും ധ്യാന-
യോഗത്താൽച്ചിദാനന്ദലീനനായ് സ്ഥിതിചെയ്യാൻ,

16. അസ്തപള്ളുന്നത്തിൻെറ പിൻവശത്തെത്തി (ലാക്കിൽ,—
ക്ഷതസിതക്രൂരാകാരധാരിയാം തമോഗുണം—
അപ്പരോപകാരത്തിൻ പിറകേ പൊന്തിക്കാണായ്
നിൎഭരമാകും സ്വാൎത്ഥലോഭത്തിൻ നിഴൽക്കൂട്ടം:

17. ചെമ്പരത്തിപ്പൂ തോററ കൺകളും, കവിളൊട്ടി-
ച്ചെമ്പിച്ച മീശപ്പുല്ലു വളൎന്ന വദനവും,
പാന്തുകൾക്കൊപ്പം ഞാന്ന ചെമ്പിടപ്പിരികളും,
ചാമ്പലെമ്പാടും വാരിപ്പൂശിയ വരഠംമെയ്യും,

അസ്ഥിയുന്തിയ മാറത്തസ്ഥിമാലയും, മുട്ട-
വസ്ത്രമായ്ക്കാൽമുട്ടോളമെത്തിയ പുലിത്തോലും,
പാഴ്വലം കയ്യിലൊരു തീ പാറും ത്രിശൂലവും—
ആവൂ, മുമ്പങ്ങെത്തു വന്നതല്ലീ വൻവേഷം!
ഈമട്ടിലൊരു കൊടുംചുടലച്ചെകുത്താനായ്,
സ്വാമികളുടെ പിന്നിലണഞ്ഞ കാപാലികൻ
തൃപ്പൊന്നിൻ കഴുത്തിനു നേർക്കതാ, ശതകോടി
കല്പമാം ശൂലം—ഹാഹാ, പോള കൂട്ടുക കാണുന്നു!

18. പെട്ടെന്നു, വിരിഞ്ചാണ്ഡഭാണ്ഡങ്ങളുടഞ്ഞുപോം-
മട്ടിലൊരുച്ചധ്വാനമുച്ചലിച്ചതുമൂലം
കെട്ടററ കരളൊടക്കേരളയതിശ്രേഷ്ഠ-
നൊട്ടടഞ്ഞിരുന്ന തൃക്കണ്ണുകൾ മിഴിച്ചപ്പോൾ
ദൃഷ്ടനായ് മുമ്പിൽ സ്വന്തം പ്രേഷ്ഠശിഷ്യരിലേകൻ,
വെട്ടത്തുകാരൻ നമ്പൂതിരിയാം സനന്ദനൻ;
പിന്നിലോ, വയർനെഞ്ചും പിളർന്നു കുടർമാല
ചിന്നിയ കാപാലികൻ ചോരയിൽക്കിടക്കുന്നു!

19. എമ്മട്ടിപ്പരിണാമം? അനുഭോക്താവാം ക്ഷുദ്ര-
കർമ്മിതന്നാത്മാവുതാനുത്തരം പറയട്ടെ:—
'നിഷ്ഠുരം മമശൂലം നിസ്പൃഹനുടെ കണ്ഠം
തൊട്ടുതൊട്ടില്ലെന്നായപ്പോഴെയ്ക്കു,ൻ വിധിയോഗാൽ
ഝടിതി പാഞ്ഞെത്തിയ പത്മപാദനിൽനിന്നു
ഇടിനാദത്തോടൊരു മിന്നലെൻ നേരെ ചാടി:
ഉടൽകൊണ്ടതു മർത്ത്യൻ, തലകൊണ്ടതു സിംഹം;
ഞൊടിനേരത്താലാ ഞാൻ ഹിരണ്യകശിപുവായ്!"

20. രണ്ടാമതൊരു നരസിംഹാവതാരം സിദ്ധി-
കൊണ്ടു സംഭവിപ്പിച്ച പത്മപാദനെ നോക്കി,
വിഷ്ടപഗുരു പരദുഃഖദുഃഖിതചിത്തൻ
'കഷ്ടമീത്തപസ്വിയാം വൃദ്ധനെ—'യെന്നായ്ച്ചൊല്ലെ,
കമ്പിട്ടൊന്നുണത്തിനാൻ, ക്രോധശേഷാരക്താക്ഷൻ
സംഭ്രാന്തസതീർത്ഥ്യരാലാവൃതനാമശ്ശിഷ്യൻ:—

21. "കൈവണങ്ങുന്നേൻ, കനിഞ്ഞരുളുകീ,യുലകൊക്കെ
കൈലാസമാക്കാൻ പോരുമീദ്ദിവ്യശിരസ്സേവം
ധൃഷ്ടനാമൊരു കൈലാസോദ്ധവിൻ ദുരത്തീയിൽ-
ച്ചുട്ടെരിച്ചാലോ സ്വാമിൻ! ദയയ്ക്കുമതിർവേണം!"

22. ഇസ്സമസൃഷ്ടസ്നേഹ,മിദ്ദീനദയാലുത്വ,-
മിന്നിർവ്യളീകൗദാര്യ,മീയാത്മപരിത്യാഗം,
ഇഗ്ഗുരുശുശ്രൂഷണ,മിമ്മന്ത്രസിദ്ധിബല-
മൊക്കയും ഭവൽസ്വത്താം നമ്പൂരിദ്വിജേന്ദ്രരേ!
അദ്വിതീയമേ നിന്റെ സർവ്വജ്ഞശിരസ്സങ്ങം,
വർത്തിയ്ക്ക സർവ്വോൽകൃഷ്ടമായി നീ മലനാടേ!

---

## ൭. ഭക്തിയും വിഭക്തിയും

(കേക)

1. രണ്ടു നാഴിയായി; പശ്ചിമജലാശയ-
ക്കണ്ടിലേയ്ക്കിറങ്ങീയിട്ടാകാശപാന്ഥൻ സൂര്യ്യൻ;

യാത്രയ്ക്കു സമുദ്യുക്തയായിട്ടില്ലിവിടെനി-
ന്നാ,ത്തപാടലാംബരയാകിയ സന്ധ്യാദേവി:
ദീപാരാധനയിങ്കൽ ഗ്ഗുരുവായൂരപ്പൻതൻ
ശ്രീപദം പണിയുവാൻ കാത്തുനില്ക്കുകയാവാം!

2. പരിതോ ദീപപ്രഭാപംക്തിയാൽ പകൽപോയ-
തറിയാത്തുദ്യോതിയ്ക്കും ശ്രീഗുരുവായൂർക്ഷേത്രം,
ഗോവിന്ദ, ഹരേ, കൃഷ്ണേത്യാദിനാമോച്ചാരത്താ-
ലാവോളം മുഴങ്ങുന്നു വൈകുണ്ഠപുരം പോലേ.

ഇടയ്ക്കയൊലിയൊത്തു തിരുനാമോൽഘോഷങ്ങൾ-
ക്കിടയ്ക്കു കേൾക്കാകുന്നു രമ്യാഷ്ടപദീഗാനം;
നടയ്ക്കൽ നാനാതരമാളുകൾ നില്പുണ്ടു വീ-
ർപ്പടക്കി, നെഞ്ചിൽച്ചേർത്ത കൂപ്പുകൈകളുമായി.

ഈറനായ്ച്ചുരുൾത്തുമ്പിൽക്കെട്ടിയകരിംകൂന്തൽ-
ക്കാറിനാൽ മറഞ്ഞുള്ള നിതംബബിംബത്തോടും,
ശുഭ്രവസ്ത്രാലങ്കാരച്ചേലൊടും വിളങ്ങിനാ-
രത്ഭുതാംഗിമാരങ്ങിങ്ങപ്സരസ്സുകൾ പോലെ.

ശ്രീകോവിൽനടയതാ, തുറന്നു; പുതിയൊരു
ലോകമിതേതോ ഹന്ത, ശോഭനതേജോമയം!
കർമ്മസാക്ഷിയാം ദേവൻ പടിഞ്ഞാറുദിച്ചതോ!
കമ്രനക്ഷത്രവ്രാതമേകത്ര കൂടിച്ചേർന്നോ!

ചന്ദനാലേപം ചാർത്തിശ്ശോഭിപ്പൂ തിരുമുഖം,
മന്ദഹാസാർദ്രം, മണിപ്പൊൻകിരീടത്തിൻ താഴേ,
നിർന്നിമേഷനായ് നില്ക്കു നേത്രമേ: ഭാഗ്യാലിതാ,
നിന്നിലെയ്ക്കൊഴുകുന്നു സച്ചിദാനന്ദാമൃതം!

പേലവമണം വിളയാടിയ വാടാമലർ-
മാലകൊണ്ടലംകൃതമാകിയ തിരുമാറിൽ
പൂരരാഗത്താൽപ്പോലെ പററിനില്പതു ഹാഹാ,
പരന്ന പൊൻപോളയോ, ചെംപൊയ്ത്താർമകരം
പാടീരവരപുഷ്പകർപ്പൂരധൂപാദ്യത്തിൻ (താനോ!
പ്രൗഢമാം പരിമളം നാലുഭാഗത്തും വീശി
നിർവൃതിപുളകിതരാക്കി ലോകരെ വീണ്ടും
നിഷ്കളസ്വരൂപന്റെ ഭക്തവാത്സല്യംപോലേ!
മണ്ഡപത്തിലും മററും തൂക്കിയ മണികളും
മന്നിൽ വാനവരുടെ കൈവിരൽസ്പർശംമൂലം
ചിക്കെന്നങ്ങുണർന്നപോലുച്ചത്തിൽ സ്തുതിയ്ക്കയായ്
ചിൽക്കാമ്പാം മുകുന്ദനെച്ചലിയ്ക്കും നാക്കുകളാൽ!
തീർത്ഥവും 'പ്രസാദ'വും വാങ്ങാനോ, രജനിതൻ
ആർത്തെന്നലവിടത്തിലൊതുങ്ങിപ്പെരുമാറീ!
പൂനിലാവിനാൽ വെള്ളി പൂശിയ തിരുമുററം
പാൽനുരംകടൽ പോലേ തിളങ്ങീ ചുഴലവും;
അമ്പലം വലംവെയ്ക്കുന്നവർതൻ ധൌതാംബര-
ത്തുമ്പുകൾ കാററത്തുലഞ്ഞലകളതിൽച്ചേർത്തു!
4. മണ്ഡപത്തറയിന്മേൽ മേവിന മറയോർതൻ-
മണ്ഡലത്തിൽനിന്നൊരു കേരളക്ഷമാദേവൻ,
ജനനുതികളാൽ സ്പഷ്ടമായ് ലഭിച്ചോരു
ഭഗവൽപ്രസാദത്താലങ്കിതലലാടനായ്
പുറത്തെഴുന്നള്ളിസ്സൽക്ഷേത്രപ്രദക്ഷിണം
മുറയ്ക്കു തുടങ്ങിനാൻ ജപസംചലിതോഷ്ഠൻ.

൫. അധീരശാന്താത്മാവിൻ പിന്നാലെക്കൂടിയൊരു
ശുദ്ധനാം നമ്പൂതിരി മന്ദമൊന്നുരചെയ്താൻ:—
"ഉണ്ടൊരുകൃതി--അല്ല, വികൃതി--എന്റേതായ്; (ച്ചൊല്ലാൻ
കൊണ്ടെഴമങ്ങുന്നതിൻപിഴകൾ തീർത്താൽക്കൊള്ളാം;
'പച്ച'യാണിതെന്നാലും, പട്ടേരി നോക്കിത്തന്നോ
പന്തിയാവുള്ളൂ"—ഭട്ടതിരിയോ മുന്നിൽ? അതേ:
ആയിരംസുസംസ്കൃതശ്ലോകപുഷ്പത്താൽ ഗുരു-
വായുമന്ദിരേശനെപ്പൂജിച്ച വഴിപോലെ
'ആയുരാരോഗ്യസൗഖ്യം' നേടിയ കവീന്ദ്രനാം
ശ്രീയുതനാരായണഭട്ടപാദരോടത്രേ,
കൈരളീമയമാകും തൻകൃഷ്ണകർണ്ണാമൃതം
സാരമായ്സ്സംശോധിപ്പാൻ സാദരമപേക്ഷിച്ചു,
പൂന്തേനാം പല കാവ്യം കണ്ണനു നിവേദിച്ച
പൂന്താനം ജ്ഞാനപ്പാന പാടിയ പുംസ്കോകിലം!
തെല്ലൊരപസ്വരത്തിൽച്ചൊല്ലി മേല്പത്തൂർ: 'മററു
വല്ലവരേയും കാട്ടിക്കൊള്ളുക ഭാഷാശ്ലോകം.'
കഷ്ട,മീ ബ്രഹ്മജ്ഞൻതൻ സമഗ്രജ്യോതിസ്സിലും
തട്ടിയോ തവ നിഴൽ പാണ്ഡിത്യക്കെട്ടഗർവ്വേ!
൬. കിന്നാപിദമുചിതം തേ: കൈരളീ വരാകീയം
സന്നതാ നിരസ്യതേ യത്സ്വരവർണ്ണി, ത്രപയാ?
ഉത്തരക്ഷണത്തിൽത്താൻ മറഞ്ഞു പൂന്താനം;-മ-
ശ്ശുദ്ധബ്രാഹ്മണനാശാലംഗത്തിൽ മുങ്ങിപ്പോയോ!

7. ഭട്ടപാദക്കു ശമിച്ചിരുന്ന വാതവ്യാധി
പെട്ടെന്നു പെരുതായിത്തീന്നിതാ രാവിൽത്തന്നേ;
കൈകാൽകൾ കോച്ചിവലിച്ചാർത്തനായവിടുന്നു
ഹാ, കൃഷ്ണ, ഹരേ എന്നു കേണരുളുകയായീ!
ഒട്ടവിലൊരുവിധമൊന്നു കണ്ണടച്ചപ്പോ-
ളൊരു കോമളബാലനരികേ കാണായ്വന്നു:
പീലികൾ തിരുകിയ കാർകുഴൽക്കെട്ടും, നൽപ്പൊ-
ന്നോലസ്സു കിലുങ്ങിടുമരയിൽ മഞ്ഞപ്പട്ടും,
ചെന്തളിർക്കയ്യിലൊരു കൊച്ചോടക്കുഴലും—ഹാ,
ഹന്ത, കൈകൂതൊഴാം, തൊഴാമമ്പാടിമണിക്കുഞ്ഞേ!
ആയിളംചൊടിയിൽ നിന്നന്തണവരന്നു കേൾ-
ക്കായിതിങ്ങിനെയൊരു മുരളീകളഗീതം:—
"അബ്ഭാഷാകവിയുടെ സങ്കടം തീക്കുകി;- നി-
ത്തൽപ്രീതിയല്ലാതില്ലാ മരുന്നീ രോഗം മാറാൻ;
കേളിയേറിന മേല്പത്തൂരിന്റെ വിഭക്തിയെ-
ക്കാളിഹ പൂന്താനത്തിൻ ഭക്തിയാണെനിക്കിഷ്ടം!"

---

## വ്യ. നരേന്ദ്രന്റെ പ്രാത്ഥന

(പാന)

1. 'വീട്ടിലെന്തു വിശേഷം നരേന്ദ്ര, നീ
വീർപ്പുമുട്ടിക്കരയുന്നതെന്തിനോ?
ഖണ്ഡദുഃഖനിമഗ്നമാം ലോകത്തിൻ
കണ്ണുനീർ തുടപ്പാനുള്ള വസ്ത്രത്തെ

തേടിനോക്കുമീദ്ധീരമാം നിന്മിഴി
മൂടെഴുമശ്രു വാക്കുയോ താൻതന്നെ!'

2. ആരുടെ ദിവ്യഗാനം ചിദാനന്ദ-
ധാര തൂകിയോ തങ്കൽപ്പലപ്പോഴും,
അസ്സുമുഖന്റെ രോദനം കേൾക്കയോ-
ലസ്സുശീലന്റെ വല്ലായ്മ കാൺകയാൽ,
രാമകൃഷ്ണപരമഹംസൻ പുരാ
പ്രേമതൃഷ്ണയാന്നീവിധം ചോദിക്കേ,
ലോലകണ്ഠനായ്ക്കൺ തുടച്ചോതിനാൻ
സ്വാലയത്തിൽനിന്നാഗതൻ ശിഷ്യാഗ്ര്യൻ:—

3. 'ഉൽപ്പതിക്കുകില്ലേതു കണ്ണിൽജ്ജലം,
ദുർഭിക്ഷത്തിൻ കെടുവുകതട്ടിയാൽ?
അക്കൊടുംതിയ്യു ബാധിച്ചിരിക്കുന്നു
മൽക്കുടുംബത്തെ മുററും ഭഗവാനേ.
അച്ഛനുള്ളന്നു ധർമ്മമണിഹർമ്മ്യം,
പിച്ചമാടമിന്നെൻതറവാടല്ലോ!
ഏതിൽനിന്നു ചുരന്നൊരു വാത്സല്യ-
പ്പാൽ തുലോം നുകർന്നിങ്ങു വളർന്നു ഞാൻ,
പട്ടിണിയാലെരിപൊരിക്കൊൾവിത-
പ്പെട്ടുമാത്തട—മമ്മേ, കൃതഘ്നൻ ഞാൻ!'

4. താങ്ങുവാനരുതാത്ത മാൽകൊണ്ടവൻ
തേങ്ങിത്തേങ്ങിക്കരകയായ് പിന്നെയും:
ത്യാഗിയായ് 'വിവേകാനന്ദ'സൽഘടം

പൂകുവാൻ പടി കേറുമീ പ്രാജ്ഞനും
പ്രാകൃതൻ തന്നെ ദാരിദ്ര്യദുഃഖത്തിൽ—
വെല്ക, വെല്ക, നിൻപ്രാഭവം സമ്പത്തേ!

5. ഭക്തശിഷ്യൻെറ ബാഷ്പം പതിക്കയാൽ
ത്തെളിനെഞ്ചലിഞ്ഞ ഗുരുവരൻ,
ശ്രദ്ധയുള്ള ജനത്തിനു കൈവല്യ-
തത്ത്വമോതിക്കൊട്ടുക്കമധരത്താൽ,
അത്തലിൽ വാട്ടമകലസ്നേഹിയ്ക്കു
വിത്തലാഭവഴിയുപദേശിച്ചാൻ:—

6. 'വത്സ, ചെന്നണത്തിയ്ക്കുകിസ്സംകട-
മസ്മദംബയെ—ശ്രീമഹാകാളിയെ:
ആരുരുക്കിയൊഴിച്ച തൂവെള്ളിയോ
പാരിലിഗ്ഗംഗയായി പ്രവഹിപ്പൂ,
ആരുടെയീടുവെപ്പിൽനിന്നോ സദാ
സൂരദേവൻ സുവണ്ണം വിതറുന്നു,
ആരുടെ ദിവ്യരത്നഗണത്താലോ
ക്ഷൂരിരുട്ടുമലംകൃതമാകുന്നു,
ആ മഹേശി കൺകോണൊന്നിളക്കിയാൽ-
പ്പോയ് മറയാത്ത ദാരിദ്ര്യമെങ്ങുള്ളൂ!'

7. അന്നരേന്ദ്രനു ഹൃത്തിന്നടിത്തട്ടിൽ-
നിന്നുയന്നിതൊരുഷ്മളനിശ്വാസം.
തോൾത്തുകിൽത്തുമ്പുരുൾക്കും കൈകളാൽ
വീർത്ത കൺകൾക്കു താഴെയായ് വെച്ചവൻ,

കാളിതൻമഹാക്ഷേത്രത്തിനുനേരേ
മൌലിയും ചായ്ച്ചു മെല്ലേ നടകൊണ്ടാൻ.

8. അന്തിതൻപൊന്നിലാണ്ട ഗഗനാന്തം
ഹന്ത, ചിക്കെന്നിരുണ്ടതായ്ക്കണ്ടിട്ടോ,
തരംഗദ്ദൂർമ്മിയാലോരോന്നു പാടിക്കൊ-
ണ്ടങ്ങൊഴുകിയിരുന്ന മന്ദാകിനി!

9. അമ്പലത്തിങ്കൽനിന്നു തിരിച്ചെത്തി
മുൻപടിയ്ക്കശ്രുപര്യാകുലാക്ഷനായ്
മുമ്പിൽ നിന്ന കുമാരനെത്തൃക്കൺപാ-
ർത്താൻപിയന്ന ഗുരുപാദർ ചോദിച്ചാൻ:—
'ഇപ്പൊഴും കേഴ്വതെന്തിനെ,ൻ വത്സങ്കൽ-
ക്കല്പവല്ലിയും കാട്ടീ പിശുക്കെന്നോ!
ദേവിയോടു നീയെന്തൊന്നപേക്ഷിച്ചു?'
ഭാവിസന്ന്യാസി സത്യമുണർത്തിനാൻ:—

10. 'വിത്തമല്ല വിരക്തിയാണതർത്ഥിച്ച-
തത്തിരുവടിയോടു ഞാൻ സൽഗ്ഗുരോ,
എത്ര കഷ്ടമെൻവീട്ടിൽ—'നിലയ്ക്കാത്ത
തദ്വിലാപം തടുത്തു യതിശ്രേഷ്ഠൻ,
നെഞ്ചിലെ സ്വച്ഛസംപ്രീതിവായ്പോരു
പുഞ്ചിരിയിൽപ്പകർത്തിയരുൾചെയ്താൻ:—

11. 'മുന്നമേ നേർക്കറിയാമെന്നിയ്ക്കിതു:
മന്നിൽ മായയെ മായ്ക്കാൻ പിറന്നോൻ നീ;
സച്ചിദാത്മികയോടെ,ന്തു വന്നാലും
തുച്ഛമാം പണം യാചിയ്ക്കുകില്ല നീ—

തമ്പുരാട്ടിതൻ മുമ്പിലൊരു കീറ-
ക്കമ്പിളും കാട്ടി നില്ക്കുവോനല്ല നീ!'

---

## ൯. കർഷകജീവിതം

(മാകന്ദമഞ്ജരി)

1. സാമ്രാജ്യച്ചെമ്മിന്നു ചെങ്കോലുയർത്താനും,
സന്ന്യാസവാഴ്ച്ചയ്ക്കു ദണ്ഡേന്താനും,
വാണിജ്യലക്ഷ്മിയ്ക്കു വെള്ളിയും പൊന്നുമാം
നാണയം വേർതിരിച്ചെണ്ണുവാനും
കൈക്കെല്പു നല്കുന്നതാർ തൻ പ്രസാദമോ,
ദീർഘനമസ്കാരമാ നിനക്കായ്!
2. വേദങ്ങൾപോലും കൃഷീശ്വരി, നിന്നുടെ
വേരറ്റ മാഹാത്മ്യം വർണ്ണിയ്ക്കുന്നു.
അല്ലെങ്കിലങ്ങയെ വാഴ്ത്തിസ്തുതിക്കുന്ന
ചൊല്ലു യാതൊന്നു,തേ വേദമാവൂ.
3. ദേവി, നിൻചൈതന്യം ബാഹുസിരകളിൽ-
ജ്ജീവരക്തത്തെയൊട്ടോടിയ്ക്കായ്കിൽ,
തൂവൽ നടത്തുമോ സാഹിത്യകർത്താവു
തൂലിക നീട്ടുമോ ചിത്രകാരൻ;
വീണ തൊട്ടീടുമോ ഗായകൻ; മുദ്രകൾ
കാണിപ്പാൻ നോക്കുമോ വേഷക്കാരൻ?
4. കുമ്പിട്ടു നിൻകാല്ക്കലർപ്പിച്ച പുൽക്കൊടി
ചെഞ്ചെമ്പൊന്നിൻതണ്ടായ്ച്ചമഞ്ഞിടുന്നു;

ആത്മസേവകൎക്കേവം ഭൂരിപ്രദാത്രിയായ്,
നീ സൎവ്വോൽക്കൎഷേണ വൎത്തിയ്ക്കവേ,
വേറെയോരോന്നിൽ മുതിൎന്നുഴന്നു വൃഥാ
ദാരിദ്ര്യം പേറുന്ന മൂഢർ ഞങ്ങൾ.

5. സ്നേഹിത, കൎഷക, മിഥ്യാപരിഷ്കാര-
മോഹിതൎക്കൊരു മോശക്കാരൻ;
എന്നാൽ ഭവാന്റെ നിസ്സ്വാൎത്ഥ്യയത്നത്തിൽ-
നിന്നാണീ യന്ത്രത്തിൻ ഘോഷമെല്ലാം!

6. ധീര, നിൻതൂവിയൎപ്പിററിററു വീഴാൽ്പ്പിൽ
വൈരക്കല്ലുണ്ടോ വിളങ്ങീടുന്നു?
പാടത്തുനിന്നു.ഭവാന്റെ ഗാത്രങ്ങളിൽ-
പ്പാടേ പതിയുന്ന പാഴ്ച്ചേറല്ലോ,
മേടപ്പുറങ്ങളിൽ മേവുന്ന ധന്യർതൻ
മേനിയ്ക്കു കസ്തൂരിച്ചാറാകുന്നു!
നിച്ചലും വേലകൾ ചെയ്തു പുലരും നിൻ-
കൊച്ചുകുടിലിങ്കൽനിന്നാണല്ലോ
പൊന്തിവരുന്നതു, വിണ്ണോടു നമ്മോകുതി
മന്ത്രിയ്ക്കും പത്തനമാളികകൾ!

7. സദ്വ്യവസായത്തെക്കൊയ്തെടുക്കുന്ന നാ-
ളെത്ര നിൎഭാഗ്യന്നും മുററത്തതാ,
നെഞ്ചു കുളിൎപ്പിയ്ക്കും പൊൻമലതൻ ചില
കുഞ്ഞുങ്ങൾ—നെൽക്കററക്കൂമ്പാരങ്ങൾ!
മിന്നിത്തിളങ്ങിക്കൊള്ളട്ടെയതാതിടം,
മന്നവന്മാരുടെ ചെങ്കോലുകൾ;

മന്നിന്നുറപ്പുള്ളൊരൂന്നായി നില്പതോ,
നിന്നുടെ കയ്യിലെക്കാലിക്കോൽ താൻ!

9. സ്വസ്തിവൃക്ഷങ്ങളേ! നിങ്ങൾതന്നമ്മമാർ
സ്വസ്തന്യദാത്രിമാരീ ഞങ്ങൾക്കും:
ഹൃദ്യരാം ഭ്രാതാക്കൾ നിങ്ങൾ ഞങ്ങൾക്കിഹ-
വൃത്തിസമ്പാദന മുൻതുണക്കാർ.
നിങ്ങൾതൻ വാർമെയ്യിലെണ്ണയൊലിയ്ക്കാവൂ
ഞങ്ങൾതൻ സസ്നേഹശുശ്രൂഷയാൽ!

10. മണ്ടിക്കളിയ്ക്കുന്ന കാളക്കിടാങ്ങൾതൻ
കണ്ഠത്തിൽ ഞാന്ന കുടമണികൾ
പൊങ്ങും ഘണാഘണാനാദത്താൽ ഞങ്ങളെ-
സ്സംഗീതനിർവൃതരാക്കിടാവൂ!

11. ധർമ്മമഹിംസയെന്നൊന്നാമതായ്ക്കണ്ട-
കർമ്മഭൂവാകുമിബ്ഭാരതത്തിൽ
അമ്മഹിമാവു മടങ്ങിവരേണമോ,
നമ്മൾക്കു നട്ടെല്ലുറയ്ക്കേണമോ,
സൌഭാഗ്യം വേണമോ, സന്തുഷ്ടി വേണമോ,
സ്വാതന്ത്ര്യം വേണമോ— വേണമെങ്കിൽ,
കർഷകജീവിതം പ്രത്യുദ്ധരിയ്ക്ക നാം
കാലാനുകൂലസംസ്കാരപൂർവ്വം;
സ്രഷ്ടാവിൻ തൃക്കളിത്തോപ്പാം ജഗത്തിതിൽ
നട്ടു വളർത്തുക നന്മ നമ്മൾ!

---

## ൧൦. ആ മോതിരം

(പാന)

1. ശാന്തനാം പകലോനെദ്ദഹിപ്പിച്ച
സാന്ധ്യരാഗാനലന്റെ പുക പോലെ
ധ്വാന്തമൊട്ടൊട്ടുയർന്നു കാൺകയാൽ
ശ്രാന്തനധ്വഗൻ വെമ്പി നടക്കയായ്:
കാലിടംകയ്യുകൊണ്ടു പിടിച്ചുള്ളൊ-
രോലവട്ടക്കുടയിങ്ങിടംതോളിൽ,
വൈലംതവരെക്കൊൾകയാൽ ക്ഷീണിച്ച
ചോലവേ ചാഞ്ഞു വിശ്രമം തേടുന്നു;
ശൈത്യകാംക്ഷയാൽപ്പോലവേ പൂഞ്ഞുലം
വേർത്ത മാറത്തു പററിക്കിടക്കുന്നു.
ഭക്തിതൻ മഷിമുദ്ര പോലീശ്വര-
നത്യുരുത്തഴമ്പാർന്ന വാർനെററിമേൽ
ഗോപിമൺകുറി മിക്കതും മാഞ്ഞാലും,
ശോഭിതം മുഖം വൈഷ്ണവതേജസാൽ.

2. മുണ്ടുടുത്തതിൻ താഴത്തെക്കോന്തല
രണ്ടുമേന്തിയരക്കെട്ടിൽക്കുത്തിയും,
മൂർദ്ധ്നി കെട്ടിവെച്ച കുടുമ്മതൻ
കൂർത്ത വാൽ ചെവിപ്പിന്നിലുടക്കിയും,
താവളമണഞ്ഞന്തിയൂക്കാൻ പഥി
ധാവനംചെയ്യുമധ്വരാദേവനെ,
എങ്ങുനിന്നോ പറന്നെത്തി നാലുപേർ
ഭൃംഗകായർ തടുത്താർ പൊടുന്നനെ:

പാന്ഥർതൻ മുതൽ തട്ടിപ്പറിച്ചു, തൻ-
പാപ്പിനായ് വൻനരകങ്ങൾ നിർമ്മിപ്പോർ:
തത്തനുവ സച്ചാന്താലവയുടെ
ഭിത്തിതേപ്പും കഴിപ്പവരിക്കൂട്ടർ.
നന്നു, മർത്ത്യരേ, നാഥൻ തലോടുവാൻ
തന്ന കൈകളാൽത്തല്ലുവിൻ ലോകത്തെ!

3. ഒന്നു ഞെട്ടിയ വിപ്രൻെറ തോൾമ്പ് ഭാണ്ഡം
വന്നപാടേ വലിഞ്ഞെടുത്താനൊരാൾ;
യഷ്ടി തട്ടിപ്പറിച്ചാനൊരാൾ; ഒരു
നിഷ്ഠുരൻ കൈകൾ പിൻചേർത്തമർത്തിനാൻ;
രൌദ്രമൂർത്തിയാം നാലാമനോ, തല
ക്രൂരത്തൊരു കത്തി—ഗോവിന്ദ, ഗോവിന്ദ—
ദിക്കുകൾക്കിരുൾ പാഞ്ഞു മുഖത്തു;-ല-
കൊക്കെയങ്ങതിനിശ്ചലം, നിശ്ശബ്ദം!

4. കേവലനൊരു നമ്പൂരിയല്ലിതു:
കേരളഭാഷയാകിയ ഗോപിയാൾ
കേശവൻെറ പൊന്നോടക്കുഴൽവിളി
കേട്ടതീ,ത്തിരുവക്ത്രത്തിൽനിന്നത്രേ!
'തൽക്കൃതിയെ ഞാനാദരിയാഞ്ഞതെ-
റ്റൽക്കൃപം പൊറുക്കേണ'മെന്നാ,ത്തനായ്,
സംസ്കൃതകാവ്യകോവിദൻ മേല്പത്തൂർ
തൃക്കഴല്ക്കു പണിഞ്ഞ 'ഭാഷാകവി,'
ഓമനപ്പാനയായിട്ടുപനിഷൽ-
പ്പൂമധു ചെയ്ത 'പൂന്താന'മാണല്ലോ,

തസ്കരവ്യാഘ്രദംഷ്ട്രയ്ക്കിരയായി-
ദ്ദുർഗ്ഗമൈകാന്തമാർഗ്ഗത്തിൽ മേവുന്നു—
കൈരളിയുടെ കണ്ഠത്തിഃലയ്ക്കല്ലോ
ഘോരനീചന്റെ പാഴ്ക്കത്തി പായുന്നു!
ശ്രീഗുരുവായുഗേഹേശനെത്തൊഴാൻ!
പോകയാണു തൻനാട്ടിൽനിന്നിദ്ദേഹം.

5. കണ്ണു രണ്ടുമടഞ്ഞു കവീന്ദ്രനു;
കണ്ണനിൽത്തന്നെ ചെന്നുറച്ചു മനം;
മല്ലരെപ്പിഞ്ചുകൈകൊണ്ടു മർദ്ദിച്ച
മല്ലനേത്രന്റെ മഞ്ജുളവിഗ്രഹം
നല്ലവണ്ണമതിങ്കൽ പ്രകാശിച്ചു
ഫില്ലതാകന്ദ,മാനന്ദകന്ദളം.
അത്തിരുവടിയോടു യദൃച്ഛയ്ക്കീ-
യത്തലഃപ്പെട്ട ഭാഗവതോത്തമൻ,
മൃത്യുഭീത്യാ വരണ്ട മുഖത്തിനാൽ
ബദ്ധഗൽഗദമായൊന്നു ചോദിച്ചാൻ:—

6. 'യാ ത്വരാ ദ്രൌപദീത്രാണേ,
യാ ത്വരാ ഗജരക്ഷണേ,
മയ്യാർത്തേ കരുണാസിന്ധോ,
സാ ത്വരാ ക്വ ഗതാ ഹരേ?'

7. എങ്ങു പോകുന്നു, ഭക്തൈകചിത്തനാം
മംഗലസ്വരൂപന്റെ കൃപാവേഗം?
സൂക്ത്യമൃതം വിളഞ്ഞ ഗളത്തിങ്ക-
ലാഴ്ത്തുവാൻ കത്തി നീട്ടിയ കയ്യിതാ,

മന്നിൽ വീണു മുസലം കണക്കിനേ,
പിന്നിൽനിന്നൊരു വാൾവീശലേല്ക്കയാൽ!
കൊണ്ടൽവർണ്ണപ്രസാദാൽ ക്ഷണാന്തരേ
രണ്ടുപേർ മാത്രമായിതപ്പന്ഥാവിൽ
കണ്ഠഗപ്രാണനായ്നിന്ന പാന്ഥനും,
കണ്ടകധ്വംസിയായൊരു വീരനും.
ഉന്മൃതിദ്വാരസന്നിവൃത്തൻ ദ്വിജൻ
കൺ മിഴിച്ച സമയത്തു തന്മുന്നിൽ,
കുന്നലക്കോന്റെ മന്ത്രി മങ്ങാട്ടച്ചൻ
ചെന്നിണം വാർന്ന വാളുമായ്ക്കാണായി!

3. "കർമ്മഠനാം പ്രജാപാലമന്ത്രിതൻ
ധർമ്മമേ ഭവാൻ ചെയ്തു യഥാകാലം;
എൻകൃതജ്ഞതാചിഹ്നമായിട്ടിതു
ശങ്കിയാതങ്ങു കൈക്കൊൾകവേണമേ!"
എന്നു, തന്റെ പൊൻമോതിരമൂരിയി-
ട്ടന്നയജ്ഞനു നല്കിനാനന്തണൻ.
എന്തിതി,പ്പുമാൻ കേരളസമ്രാട്ടിൻ
മന്ത്രിമുഖ്യൻ, മഹാപ്രഭു!വെന്നിട്ടും
വില്ക്കയാണോ ചെറിയൊരു പൊൻതുണ്ടി-
ന്ന,ർത്ഥഹീനമാം ദീനാവനപുണ്യം!

* * *

9. വാതഗേഹേശ്വരന്റെ തിരുമുമ്പിൽ-
പ്പാതി കൂപ്പിയ ശാന്തമാം കണ്ണുമായ്
കൈകളും കൂപ്പി നിന്ന പൂന്താനത്തി-
നേകിനാനൊരു മോതിരം പൂജകൻ;
"രണ്ടുനാളിനു മുമ്പൊരു സന്ധ്യയ്ക്കു
കണ്ടു ഞാനിതു ദേവന്റെ തൃക്കയ്യിൽ;
അത്ഭുതപ്പെട്ടു ഞങ്ങളെല്ലാവരും;
സ്വപ്നശാസനം കേൾക്കായി രാവിൽ മേ:
'പൂന്താനം തൊഴാൻ വന്നാൽകൊടുക്കുകാ-
പ്പൂതശ്ലോകനീ മോതിര'മെന്നായി.
എങ്ങിനെയാണിതിനുടെയാഗമ?
മെന്ന ചോദ്യവുമർപ്പിച്ചാൻ ഭക്തനിൽ.
ആ നടന്നതൊട്ടുക്കങ്ങൊഴക്കിനാ-
നാനന്ദാശ്രുവിലൂടെ കൃതിശ്രേഷ്ഠൻ;
'അച്യുതൻ പതിനൊന്നാമതു മങ്ങാ-
ട്ടച്ഛനായ് വന്നവതരിച്ചാൻ തദാ!'
എന്നു, പൂന്താനവിപ്രന്റെ ഭക്തിയെ
നിന്നുവാഴ്ത്തിനാരുൾക്കുളിർത്താളുകൾ.

---

## ൧൧. ഇന്ദ്രനും മാബലിയും

(കാകളി)

1. ഇന്ദ്രപദച്യുതനാകിലുമുൾച്ചലി-
ല്ലെന്ന്യേ വിജനത്തിൽ വാണ വൈരോചനൻ
ശ്രീപുനർല്ലാഭപ്രഹൃഷ്ടനാം ശക്രന്റെ
സോപഹാസാക്ഷേപവാക്കുകൾ കേൾക്കയാൽ,
ഉന്നമ്രശാന്തിസുധാകണം പോലൊരു
മന്ദസ്മിതമിട്ടു ചൊല്ലിനാനിങ്ങിനെ:—

2. "ഇന്ദ്രവിഭൂതികൾ നില്ക്കട്ടെ, പോകട്ടെ,-
യന്നുമിന്നും സഖേ, മാബലിതന്നെ ഞാൻ:
വെള്ളിപ്പുതയെപ്പുരത്തും തരംഗങ്ങൾ
തള്ളിയേറട്ടേ, തിരിയ്ക്കട്ടെയഞ്ജസാ;
ക്ഷോഭിച്ചിടുന്നില്ല രണ്ടിലും, സിന്ധുവിൻ
സത്ത്വഗുണവെണ്മ താവും മണൽപ്പുറം.
വന്ന മലവെള്ളമൊക്കെയൊലിച്ചുപോ-
മെന്നതുകൊണ്ടു പുഴയ്ക്കെന്തു ഹാനിയാം?
നേരമറിച്ചു,തു പുഞ്ചിരിക്കൊള്ളുന്നു
പാരം തെളിവാർന്നു തൂമണൽത്തിട്ടിനാൽ!
മൽപ്രസാദത്തിനായ് സ്വന്തം മുതിർത്തീടു-
മപ്സരസ്ത്രീകൾതൻ പൊൻകാൽച്ചിലമ്പൊലി
മത്തമരാളകളാരവം പോലെയേ
നിത്യം ശ്രവിച്ചിരുന്നുള്ള കർണ്ണങ്ങൾ മേ.

കാററാകുമൂഞ്ഞാലിലാടിക്കളിയ്ക്കുന്ന
കാശമലർക്കുലയെന്നതിലേറെയായ്
ഉല്ലസിപ്പിച്ചിരുന്നില്ലെൻമനസ്സിനെ-
യുല്ലോലിതമായ പള്ളിവെൺചാമരം.

പാലൊളിക്കൊററക്കുടയോ, മദക്ഷിയ്ക്കു,
മൂലോകസാമ്രാജ്യമൈതാനവാഴ്ചയിൽ
മൌലിയ്ക്കുമേൽട്ടിവി തെല്ലിട ചാഞ്ചല്യ-
മേലാതെ നിന്നൊരു വെൺമേഘമണ്ഡലം!

4. അശ്ശരദ്വേളയെനിയ്ക്കു കഴിഞ്ഞുപോയ്:
വിശ്വത്തിലാരുള്ളു കാലവിലംഘിയായ്?
ഇപ്പൊഴോ, ശ്രീതന്നിരിപ്പിടമാകിന
പൊൽപ്പൂ മടിഞ്ഞുപോം ഹേമന്തമായി മേ.

5. വമ്പു ചൊല്ലായ്കിജ്ജയത്താൽ മതി മറ-
ന്നൊ;ൻഭുജപ്രൌഢിയ്ക്കു സാക്ഷികളല്ലയോ,
'തമ്പുരാൻ മാബലി' മേവിന ദിക്കിനും
കുമ്പിട്ടുപോന്ന ഭവാദൃക്ശിരസ്സുകൾ?

6. കാലത്തിനെപ്പോഴും കറുക്കുന്നുവോ മുഖ,-
മീലോകമപ്പോളിരുട്ടിൽപ്പതിയ്ക്കയായ്;
കാലമെപ്പോളൊന്നു പുഞ്ചിരിക്കൊണ്ടിടു,-
മീ ലോകമപ്പോഴുതെളിഞ്ഞു ലസിയ്ക്കയായ്.

മീതെ വർത്തിച്ചവർ താഴെയാം കാൽക്ഷണത്താൽ;
മീതെയാം കാൽക്ഷണത്താൽ താഴെ വർത്തിച്ചവർ.

നമ്മളെക്കൊണ്ടൊക്കെയിട്ടു തെരുതെരെ-
യമ്മാനമാട്ടുന്നു കാലംതിരുവടി!.

7. ഇന്ദ്രന്റെ വേഷത്തിനെന്നെ നിയോഗിച്ചി-
തിന്നലെ സ്വേച്ഛയാലി,ന്നു ഭവാനെയും;
നാളെയെന്നെത്താൻ വിളിച്ചുവെന്നാസ്സരാം,
കാലാഖ്യനാമിക്കളിയോഗനായകൻ.

8. ഞാനും ഭവാനും കണക്കെ നൂറായിരം
ദാനവേന്ദ്രന്മാരുണക്കിലയ്ക്കൊപ്പമേ
പാറിപ്പറന്നുകഴിഞ്ഞിരിക്കുന്നു, കെ-
ല്പേരും കൃതാന്തന്റെ നേരിയൊരൂത്തിനാൽ.

9. കാല,മതിന്റെ കനത്ത കരംകൊണ്ടു
ലീലയാലൊന്നു പിടിച്ചുകുലുക്കിയാൽ
പാടേ പതറിക്കൊഴിഞ്ഞുപോം, ബ്രഹ്മാണ്ഡ-
പാദപപ്പൂക്കളാം താരങ്ങൾകൂടിയും!

10 പോരുമീ വിഭ്രാന്തി: മോദവും ഖേദവും
വൈരോചനിക്കില്ല ലബ്ധനഷ്ടങ്ങളിൽ;
കാലം തരുന്നു, തിരിച്ചെടുക്കുന്നു; തൻ-
ബാലരാം നമ്മെക്കളിപ്പിച്ചുകൊണ്ടഹോ.

11. ബുദ്ധിമാന്മാർക്കിത്ര മഞ്ഞളിക്കില്ല ക-
ണ്ണു,സ്ഥിരവൃത്തിയാം ലക്ഷ്മിതൻ മിന്നലിൽ:
എത്രനേരം നിലക്കൊള്ളുമൊരേടത്തി-
ല,ബ്ധിത്തിരകൾതൻ കൂടെപ്പിറപ്പവൾ!

12. കാലജിതനെ സ്വജിതനെന്നെണ്ണായ്ക;
മൌലി നോവിയ്ക്കായ്ക ഗർവ്വിൻചുമടിനാൽ.
ലോലനാകാതെ ഭുജിച്ചുകൊണ്ടാലു,മീ
നാലഞ്ചു നാളെയ്ക്കു കൈവന്ന ലക്ഷ്മിയെ!”

13. ഭാരതീയന്റെയല്ലാത്ത മുഖത്തോടു
ചേരാത്തതാമിസ്ലാമാകൃതിതൻ ഗൌരവാൽ
താന്നുപോയ് ദേവേശ്വരന്നു, മദൌദ്ധത്യ-
മാർന്നിരുന്ന ശിരസ്സുത്തംസഭാസുരം,
ഐന്ദ്രമാമപ്പെരും ചെംകോലിനാൽത്തന്നെ-
യ്യൂന്നുകൊട്ടുകിലും പൊങ്ങാതെയാംവിധം.

## ൫൦. എൻെറ ഭാഷ

(മാകന്ദമഞ്ജരി)

1. സന്നികൃഷ്ടാബ്ധിതൻ ഗംഭീരശൈലിയും,
സഹ്യഗിരിതന്നടിയുറപ്പും,
ഗോകർണ്ണക്ഷേത്രത്തിൻ നിർവൃതികൃത്ത്വവും,
ശ്രീകന്യാമാതിൻ പ്രസന്നതയും,

ഗംഗ പോലുള്ള പേരാററിൻ വിശുദ്ധിയും,
തെങ്ങിളംകായ്നീരിൻ മാധുര്യവും
ചന്ദനൈലാലവംഗാദിവസ്തുക്കൾതൻ
നന്ദിതഘ്രാണമാം തൂമണവും,

സംസ്കൃതഭാഷതൻ സ്വാഭാവികൌജസ്സും,
സാക്ഷാൽത്തമിഴിൻെറ സൌന്ദര്യവും,
ഒത്തുചേർന്നുള്ളൊരു ഭാഷയാണെൻഭാഷ—
മത്താടിക്കൊൾകഭിമാനമേ, നീ!

2. മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം—
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം,
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്?

മററുള്ളഭാഷകൾ കേവലം ധാത്രിമാർ;
മർത്ത്യന്നു പെററമ്മ തൻഭാഷതാൻ.
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പുഷ്ടിവളർച്ച നേടൂ;

അമ്മ താൻതന്നേ പകൎന്നുതരുമ്പോഴേ
നമ്മൾക്കമൃതുമമൃതാസ്വാന്തു.

3. ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നുതാൻ കേൾക്കവേണം.
ഹൃദ്യം സ്വഭാഷതൻ ശീകരമോരോന്നു-
മുൾത്തേനായ്ച്ചേരുന്നു ചിത്തതാരിൽ;
അന്യബിന്ദുക്കളോ, തൽബഹിർഭാഗമേ
മിന്നിച്ചു നില്ക്കുന്ന തൂമുത്തുകൾ!

4. ആദിമകാവ്യവും പഞ്ചമവേദവും
നീതിപ്പൊരുളുമുപനിഷത്തും
പാടി സ്വകീയരെക്കേൾപ്പിച്ച കൈരളി
പാടവഹീനയെന്നാർ പറയും?

5. കൊണ്ടാടി നാനാവിചിന്തനതന്ത്രങ്ങൾ-
കൊണ്ടാത്മഭാഷയെ വാഴ്ത്തിയ്ക്കായ്കിൽ,
കേരളത്തിന്നീയിരുൾക്കുണ്ടിൽനിന്നൊന്നു
കേറാൻ പിടിക്കയറെന്തു വേറെ?
എപ്പോൾവരെയ്ക്കുമില്ലേവർതൻ ഭാഷയ്ക്കു
കെല്പും പരപ്പും നടപ്പുമൊന്നും,
അപ്പോൾവരെയ്ക്കു വരാവതില്ലാത്തവ-
ര,പ്രഫുല്ലാശയര,പ്രശസ്തർ.

6. വിൺമൊഴിയാം മഹാറാണിയെൻഭാഷയ്ക്കു
നന്മ പുലർത്തുന്ന തോഴി പണ്ടേ;
പോരെങ്കിൽ, ദ്വീപാന്തരങ്ങളിൽനിന്നുമൊ-
ട്ടേറെ വിദ്യാധനം നേടിയോരായ്
എത്ര പേരില്ലിന്നു നന്മക്കളെ, ന്നിട്ടു-
മത്രഭവതി ദരിദ്രയെന്നോ!

7. അന്യഭാഷാബ്ധിയിലാണ്ടാണ്ടു മുങ്ങിയ
ധന്യരേ, നിങ്ങൾതൻ വേല പാഴിൽ,
മാൽ പെട്ടതിൽനിന്നുപാർജ്ജിച്ച രത്നങ്ങൾ
മാതാവിനായിസ്സമർപ്പിയായ്കിൽ.
ചെല്ലക്കിടാങ്ങൾതൻ സൽഗ്രന്ഥക്ഷുത്തിനെ-
ത്തെല്ലു ശമിപ്പിപ്പാനാളല്ലാതേ
അല്ലൽപ്പെട്ടുന്ന കുചേലകുടുംബിനി-
യല്ലയോ നമ്മുടെ ഭാഷയിന്നും!

8. എത്ര ലജ്ജാകര,മെത്രദുഃഖപ്രദം—
പുത്രധർമ്മങ്ങൾ മറന്നിടായ്കിൻ:—
മാതൃഭാഷയ്ക്കിഹ ദാസ്യം നടത്തായ്കി-
ലാധിപത്യത്തിന്നനർഹർ നിങ്ങൾ—
ഭക്ത്യാ സ്വഭാഷതൻ കാല്ക്കൽക്കനിയായ്കി-
ലത്തലയെങ്ങിനെ പൊങ്ങിനില്ക്കും?

ബുദ്ധിമാന്മാരേ, സ്വഭാഷത്തറവാട്ടിൽ-
സ്സ്വത്തു വളൎത്തുവാൻ യത്നം ചെയ്വിൻ—
ആലസ്യത്തിന്നു നിവാപാംബു നല്കുവിൻ
ഫാലത്തിലോലും വിയൎപ്പിനാലേ!

9. ഏറെ വാക്കെന്തിനു? നാളെ മുതല്ക്കിനി-
കൈരളിതന്റെ ഗൃഹാങ്കണത്തിൽ
പാണ്ഡിത്യഭിക്ഷയ്ക്കായ് വന്നവർ വന്നവർ
ഭാണ്ഡം നിറച്ചേ തിരിച്ചുകൂട്ടൂ:
കേടറ്റൊരൗദാൎയ്യശീലത്തിലെന്നെന്നേ
കേളി കേട്ടുള്ളവർ കേരളീയർ!

---

## ൫൩. തിരുമനസ്സിലെ മതം.

(അന്നനട)

1. നടന്നു വാടിയ പകലിന്നലെപ്പോയ്-
ക്കിടന്നതേതിലോ പടിഞ്ഞാറേള്ളിക്കിൽ,
സുതാമ്രമാകുമസ്സുഖശയ്യയിൽത്താ-
നിതാ, കാണാകുന്നു കിഴക്കേതാം ദിക്കിൽ;
പതുക്കെയത്തല്പമിടംമാററിയിട്ടു-
ന്നതായിരുന്നുവോ, രജനിതൻജോലി!

2. വെള്ളിവററു കിടന്നുങ്ങി നാം; രാവോ,
ചള്ളിപററിപ്പോയ ജഗൽക്കടാഹത്തെ
കുളിർനീരാൽ മാററിസ്സുനിർമ്മലമാക്കാ-
നിളവെന്ന്യേ ശ്രമിയ്ക്കുകയായിരുന്നു!

3. മുകളിൽ വൻനീലക്കടലാസ്സിൽക്കണ്ട
സുകാഞ്ചനാക്ഷരങ്ങളിൽനിന്നല്പാല്പം
പൊരുളറിഞ്ഞു യാതൊരു വെളിച്ചത്തെ-
ത്തിരഞ്ഞുപോന്നുവോ തമസ്വിനിയിവൾ,

4. ചിരാലതിനൊട്ടു സമീപിച്ചപ്പോഴേ-
യ്ക്കുരുതി പെട്ടിതിസ്സുമവതിയ്ക്കല്ലോ;

നിജശവാച്ഛാദപടമായിട്ടല്ലോ
നിശയ്ക്കു കൈവന്നത,ഹന്മുഖാലോകം!
മറഞ്ഞുപോയാലും മറക്കാവുന്നത-
ല്ലിരവുതന്റെയായിരംപ്പുള്ളിക്കുടം;
അവിടെവെച്ചല്ലോ പഠിച്ചു പൂക്കളേ,
സ്വവിശദോല്ലാസകലയിതു നിങ്ങൾ.

5. ഉലകുമായ് സ്വല്പം പരിചയപ്പെട്ടു
ചില വരി വായിച്ചിടാമെന്നാംവിധൌ,
കരുത്തേറുമേതോ കരം വന്നു പൊത്തി-
ക്കളയുന്നു നിൻകൺകളെ ജ്ജീവിതമേ!

6. സുവിശ്രമം നമുക്കേകിയ രാവെ-
ങ്ങ്?-വളുടെ ദേഹം ദഹിപ്പിയ്ക്കൽക്കൂടി
കഴിഞ്ഞുപോയല്ലോ, മുറയ്ക്കുദയാദ്രി-
കടകത്തിൽക്കത്തും തുടുപ്പായ തിയ്യാൽ!
നവബലം നമുക്കരുളിയ രാവെ-
ങ്ങ്?-വളുടേതായ് പ്പുൽക്കൊടിമേലും മറവും
അവശേഷിച്ചിട്ടുണ്ടൊരു നിമിഷത്തേ-
യ്ക്കു,വസാനക്കണ്ണീർക്കണികകൾമാത്രം!

7. ഭവത്സൃഷ്ടിരവം വിഭോ, കാലാത്മാവേ,
ഭുവനമാകുമീത്തവ കളിത്തോട്ടം
നയനനീർകൊണ്ടേ നനയ്ക്കണമെന്നോ,
ദയാലുവാം തിരുമനസ്സിലെ മതം!

## ൫൪. ഓണപ്പുടവ

1. ആഴിതൻ പെരുമ്പറ മുഴക്കി മന്ദ്രധ്വാനം;
കോഴികൾ കണ്ഠം പൊക്കിക്കാഹളമൂതി മേന്മേൽ—
കാലപൂരുഷൻെറയീ ധ്വാന്തൌഘജയാഘോഷം
നാലുദിക്കിലും വ്യാപിച്ചുന്മേഷമുളവാക്കി:

2. വിവിധവർണ്ണങ്ങൾതൻ വ്യത്യസ്തമാമിണക്കത്താൽ
വിഷമവിഭിന്നമായ്ച്ചമഞ്ഞു ഗഗനാന്തം
ഏതിൻെറയാവിർഭാവസന്മുഹൂർത്തത്തിലൊരേ-
മാതിരിയ്ക്കണിവെണ്മമാത്രമായ്സ്സംശോഭിച്ചു,
അസ്സത്വാഗ്രനാമൃതവർഷിയ്ക്കു നമസ്കാരം—
അസ്സത്യതേജസ്സിന്നു സാഷ്ടാംഗം നമസ്കാരം!

3. പാരിനെപ്പാടേ മൂടിക്കിടന്നൊരിരുൾത്തുണി-
യാരതേമട്ടിൽപ്പൊക്കിവെച്ചതോ വാനായ്ക്കാണ്മൂ,
സഹസ്രകരനവൻ സ്വാസ്ഥ്യമേകീലേ നിന-
ക്കു, ഹഹ, നോക്കു കണ്ണേ; നൂതനാലോകം ലോകം!
സംപ്രീതി രമണീയം ശോഭനം വിശ്വഗൃഹം
നിൻപുണ്യാവതാരത്താൽപ്പൊന്നുണ്ണിക്കതിരോനേ;
ഉദയോദ്യാനത്തിലെച്ചെമ്പനിനീർപ്പുഷ്പം നീ-
യു,ഷസ്സിൻ സൽസൌഭാഗ്യസിന്ദൂരതിലകം നീ,
ആമ്നായപ്രഭുവിൻെറ മാണിക്യപ്പതക്കം നീ-
യാ,ഭൂമാതാവിൻ പ്രേമരഞ്ജിതഹൃദയം നീ!

5. അരവിന്ദത്തിൻ തേനായ്ത്തോന്നുന്ന നിനാദത്താ-
ലരയന്നത്തിൻ മണിക്കൊക്കൊന്നവണ്ണംതന്നേ,
ഉദ്ഗമിപ്പിപ്പൂ നിൻനേർക്കുംബ്ഭക്തിസ്തുതികളെ-
യുഗ്രമാം രടിതത്താൽ കാകന്റെ കരിംകൊക്കും;
രണ്ടിലുമൊരുപോലെയാപതിസ്സ്വയം ചെയ്വൂ.
വിണ്ടലപ്പെരുമാളേ, നിൻപ്രീതിക്കതിരുകൾ!

6. “ഹാ തവ ചെംപൊൻവീണക്കമ്പികൾ, നാനാപക്ഷി-
ഗീതിയാൽ തനിപ്രേമമാധുരി തൂകുമ്പോഴേ,
ആയതു നുകരാനായ്ക്കാററിനു മണം നല്കു-
മാനനം വിടർത്തുന്നു തേനുള്ളിലേന്തും പൂവും!

7. മറയോൻമനസ്സിലെപ്പൂജപ്പൂന്തട്ടത്തെയും,
പറയക്കുടിലിലെപ്പരൽമീൻചട്ടിയെയും
നിർവ്വിശേഷമായല്ലീ ചുംബിപ്പൂ ചിദാത്മാവേ,
നിന്നുടെ കിരണങ്ങൾ നിസ്സംഗപവിത്രങ്ങൾ—
വന്മണിമുടി ചൂടാൻ നിവർന്ന പൃഷ്ഠത്തിലും,
ചുമ്മാടു ചുമക്കുവാൻ കുനിഞ്ഞ മുതുകിലും
ഒപ്പമേ തലോടുന്നു നിൻകരം, കാട്ടപ്പുസ്സും,
കല്പദ്രുവിനുമേകപ്രാണദനായുള്ളോവേ!
ഞങ്ങൾക്കോ, നിഴൽ പിമ്പേ നീണ്ടുനില്ക്കുന്നു നേരി-
ട്ടങ്ങയെത്തൊഴുമ്പോഴും ഭേദധീമാലിന്യത്താൽ!

8. അദ്വൈതകനകാക്ഷരങ്ങളെത്തരുവല്ലീ-
പത്രത്തിൽക്കുറിയ്ക്കുമീ ശ്രേഷ്ഠതൂലികകളാൽ
അത്ഭുതകവിയായ നിന്തിരുവടിയെന്റെ-
യജ്ഞതാകൃതികളെത്തിരുത്തുമാറാകേണം!

9. ചെക്കഴികളിലാണ്ട തണ്ണീർകളേയും താൻതാൻ
നേക്ക പൊൻതൃക്കൈ നീട്ടിയുദ്ധരിയ്ക്കുന്നു ഭവാൻ;
പിൻപതുകളോ നീളെസ്സുഭിക്ഷത്തിന്നായ് വെള്ളി-
ക്കമ്പികൾവഴി ദിവ്യസമ്പത്തിങ്ങയയ്ക്കുന്നു;
അബ്ഭവാനുടെ ദൃഷ്ടിയ്ക്കേത്ര പാപികൾ, മിത്ഥ്യാ-
ദർപ്പത്താലന്ധരെയാട്ടിയോടിയ്ക്കും ഞങ്ങൾ!
ശുദ്ധിലോലുപർ ഞങ്ങളശുദ്ധി സമ്പാദിച്ചു,
മർത്ത്യനു മർത്ത്യൻ ഗതി മുടക്കമാചാരത്താൽ!

10 എളിയതൃണങ്ങൾതൻ കണ്ണുനീർകണങ്ങളെ-
ത്തെളിമുത്തുകളാക്കിത്തീർക്കുന്നു തവാംശുക്കൾ,
അഭ്യുദയാധ്യാരമിളീനാശ്വാസനശില്പ-
മഭ്യസിയ്ക്കാവൂ ഞങ്ങൾ നിന്നനുഗ്രഹാൽ സ്വാമിൻ!

11. മാമല കണക്കെപ്പുൽത്തണ്ടുമുണ്ടണിയുന്നു
തൂമഞ്ഞത്തുകിലിനെബ്ഭാസ്കരപ്രസാദത്താൽ;
പ്രേമദീപ്തിയാമോണപ്പുടവയിതു വാങ്ങാൻ
കൈ മലർത്തുക നീയുമെന്മനോദാരിദ്ര്യമേ!

---

തൃശ്ശിവപേരൂർ
വി. പി. & പി. ഹൌസിൽ
അച്ചടിച്ചതു്.

# ശ്രീവാല്മീകിരാമായണം

## പുതിയ പതിപ്പുകൾ

| | | | |
|---|---|---|---|
| ബാലകാണ്ഡം | 1 | 12 | 0 |
| അയോദ്ധ്യാകാണ്ഡം | 3 | 8 | 0 |
| യുദ്ധകാണ്ഡം | 4 | 8 | 0 |
| ഉത്തരകാണ്ഡം | 3 | 8 | 0 |

## പുതിയ പുസ്തകങ്ങൾ

| | | | |
|---|---|---|---|
| സർച്ചു്—സി. അച്യുതക്കുറുപ്പിന്റെ പുതിയ ചെറുകഥാസമാഹാരം | 0 | 10 | 0 |
| മാൾവ—മാക്സിംഗോർക്കിയുടെ ഒരു നീണ്ടകഥ | 1 | 0 | 0 |
| ക്രൂറ്റ്സർ സോണാററ—വിശ്വവിഖ്യാതനായ ടോൾസ്റ്റായിയുടെ ഒരു കൊച്ചുനോവൽ | 1 | 8 | 0 |
| അക്ബർ—ദ്വിജേന്ദ്രലാൽറോയിയുടെ നാടകം | 1 | 12 | 0 |
| രംഗമണ്ഡപം—ഏഴു തൂലികാചിത്രങ്ങൾ. വി. വി. | 0 | 12 | 0 |

വള്ളത്തോൾ ഗ്രന്ഥാലയം,

ചെറുതുരുത്തി.

# ★ ഓണപ്പുടവ ★

Approved as non-detailed Text for form IV by the
Travancore-Cochin Union Government
for the Year of 1950.

★

വള്ളത്തോൾ

Indic Digital Archive Foundation
gpura.org